സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ
ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച
ശ്രീമഹാരാമായണം
കേൾക്കുവാനും വായിക്കുവാനും
സന്ദർശിക്കുക
യൂട്യൂബ് ചാനൽ
Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 8 | തിരുവനന്തപുരം | 2026 ആഗസ്റ്റ് 10 | പേജ് 8 | വില 20 രൂപ | RNI Reg. No. KERMAL /2002/7358

## ഭാരതത്തിന്റെ ഉൾക്കരുത്ത്

# ഹിന്ദി ഭാഷ: ഉത്ഭവം, ചരിത്രം, പ്രാധാന്യം

**ബി.എസ്.ബാലചന്ദ്രൻ**

ഇന്ത്യൻ ഭാഷകളിലോരോന്നിലുമുള്ള പദസമ്പത്തും സർഗ്ഗക്രിയാശേഷിയും അനിതരസാധാരണമാണ്.

ഭാരതത്തിൽ 122 പ്രധാന ഭാഷകളും 1599 മറ്റ് ഭാഷകളുമുള്ളതായാണ് കരുതുന്നത്. ഇവയിൽ ഇന്ത്യൻ ഭരണഘടന പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളത് ഇരുപത്തിരണ്ട് ഭാഷകളാണ്. ഹിന്ദി, ആസ്സാമീസ്, ബംഗാളി, ബോഡോ, ഡോഗ്രി, ഗുജറാത്തി, കന്നഡ, കാശ്മീരി, കൊങ്കണി, മൈഥിലി, മലയാളം, മണിപ്പൂരി (മെയ്തേയ്), മറാത്തി, നേപ്പാളി, ഒഡിയ, പഞ്ചാബി, സംസ്കൃതം, സന്താലി, സിന്ധി, തമിഴ്, തെലുങ്ക്, ഉറുദു എന്നിവയാണ് അവ.

ഇവയിൽ ഇന്ന് മാതൃഭാഷയെന്ന നിലയിൽ ഏറ്റവും കൂടുതൽപേർ സംസാരിക്കുന്ന ഭാഷ ഹിന്ദിയാണ്. വടക്കേ ഇന്ത്യയുടേയും മദ്ധ്യ ഇന്ത്യയുടെയും മിക്ക ഭാഗങ്ങളിലും ഹിന്ദിയാണ് പൊതുവായി സംസാരിക്കപ്പെടുന്നത്. സെൻസസ് പ്രകാരം ഇന്ത്യയിലെ ഹിന്ദി സംസാരിക്കുന്നവരുടെ എണ്ണം 422048642 ആണെന്ന് കണക്കാക്കപ്പെടുന്നു.

പുരാതന ഇൻഡോ-ആര്യൻ ഭാഷയായ സംസ്കൃതത്തിൽനിന്ന് സഹസ്രാബ്ദങ്ങൾ നീണ്ട പരിണാമപ്രക്രിയയിലൂടെ രൂപപ്പെട്ടുവന്ന വൈദിക സംസ്കൃതവും പിന്നീടുവന്ന ക്ലാസിക്കൽ സംസ്കൃതവുമാണ് ഹിന്ദിയുടെ പ്രധാന ഉറവിടം. കാലക്രമത്തിൽ സംസ്കൃതത്തിൽ നിന്ന് പ്രാകൃത് ഭാഷകൾ രൂപപ്പെട്ടു. പ്രാകൃത്ഭാഷകൾ പരിണാമത്തിലൂടെ അപഭ്രംശം എന്ന പ്രാദേശിക ഭാഷാ ഭേദങ്ങളായി മാറി. ഇതിൽ ഡൽഹിക്ക് ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾ സംസാരിച്ചിരുന്ന ശൗരസേനി അപഭ്രംശത്തിൽ നിന്നാണ് 'ഖരീബോലി' എന്ന ഭാഷാ ശൈലി രൂപം കൊള്ളുന്നത്. അതിൽ നിന്നും ഹിന്ദി രൂപപ്പെട്ടു. മുഗൾ ഭരണകാലങ്ങളിൽ അവരുടെ ഔദ്യോഗിക ഭാഷയായിരുന്നു ഹിന്ദി.



പേർഷ്യൻ- അറബി- തുർക്കി വാക്കുകൾ പ്രാദേശിക ഖരീബോലിയുമായി മെല്ലെ കലരുകയായിരുന്നു. ഈ സങ്കരഭാഷയെ 'ഹിന്ദുസ്ഥാനി' എന്നറിയപ്പെട്ടു. ഇതിൽ നിന്നും പിരിഞ്ഞവയാണ് ഹിന്ദിയും ഉർദ്ദുവും. ഉർദ്ദുവും ഹിന്ദിയും തമ്മിലുള്ള അടുത്ത ബന്ധത്തിനു കാരണവും ഇതുതന്നെ. ബ്രിട്ടീഷ് ഭരണകാലത്താണ് ദേവനാഗരി ലിപിയിലുള്ള ഹിന്ദി ഭാഷ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുന്നത്. തുടർന്ന് ഇന്ത്യൻ ഭരണഘടന പ്രകാരം ഇന്ത്യൻ യൂണിയന്റെ ഔദ്യോഗിക ഭാഷയായി ഹിന്ദി മാറുകയായിരുന്നു.

ഹിന്ദി വാക്കുകളുടെ അർത്ഥഗാംഭീര്യവും ലാളിത്യവും കാവ്യഭംഗിയും എടുത്തുപറയേണ്ടതുണ്ട്. ഈ ഭാഷാസുരഭിലത ഹിന്ദി കവികൾക്കും എഴുത്തുകാർക്കുമെല്ലാം അനുഗ്രഹമേകി എന്നതും വസ്തുത. തുളസീദാസിന്റെ രാമചരിതമാനസത്തിലും സൂർദാസിന്റെ ഭക്തിഗാനങ്ങളിലും ഭാരതേന്ദു ഹരിശ്ചന്ദ്രയെപ്പോലുള്ള എഴുത്തുകാരുടെ ഉൽകൃഷ്ട സൃഷ്ടികളിലുമെല്ലാം ഇത് തെളിഞ്ഞുകാണാം. ലല്ലുലാലിന്റെ 'പ്രേംസാഗർ', സൗൽ മിശ്രയുടെ 'ബടിയാൽ പച്ചീസി', ഇൻഷാ അല്ലാഹ്ഖാന്റെ 'രാണീകേതകീ കി കഹാനി' തുടങ്ങിയുള്ളവയേയും ഉദാഹരണങ്ങളായി കാട്ടാം.

ഹിന്ദിയിലെ വാക്കുകൾക്കുള്ള പ്രത്യേകതകളും ശ്രദ്ധിക്കാതിരിക്കാനാവില്ല. ഇവയിൽ പ്രധാനമായി ചൂണ്ടിക്കാട്ടാവുന്നത് സംസ്കൃതത്തിൽ നിന്ന് നേരിട്ട് മാറ്റമൊന്നും കൂടാതെ ഉരുത്തിരിഞ്ഞ 'തദ്ഭവ' വാക്കുകൾ, സംസ്കൃതത്തിൽ നിന്ന് കടമെടുത്തതിനുശേഷം കാലക്രമേണ രൂപമാറ്റം വന്ന 'അർധതത്സം' വാക്കുകൾ, പ്രാദേശിക ഗോത്രഭാഷകളിൽ നിന്നും അല്ലെങ്കിൽ ഇൻഡോ - ആര്യൻ ഇതര ഭാഷകളിൽ നിന്നും കടമെടുത്ത 'ദേശജ്' വാക്കുകൾ, അറബി, പേർഷ്യൻ, പോർച്ചുഗീസ്, ഇംഗ്ലീഷ് തുടങ്ങിയുള്ള തദ്ദേശീയമല്ലാത്ത ഭാഷകളിൽ നിന്നും കടം കൊണ്ട 'വിദേശി' വാക്കുകൾ എന്നിവയാണ്.

ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന മൂന്നാമത്തെ ഭാഷയാണ് ഹിന്ദി. ഒന്നും, രണ്ടും സ്ഥാനങ്ങൾ യഥാക്രമം ഇംഗ്ലീഷിനും മന്ദാരിൻ ചൈനീസ് ഭാഷയ്ക്കുമാണ്.

നേപ്പാളിൽ 8 ദശലക്ഷം പേർ ഹിന്ദി സംസാരിക്കുന്നവരായുണ്ട് എന്നാണ് കണക്ക്. അമേരിക്കൻ ഐക്യനാടുകളിൽ 863077, മൗറീഷ്യസിൽ 450170, ഫിജിയിൽ 380000, ഉഗാണ്ടയിൽ 100000, യുണൈറ്റഡ് കിംഗ്ഡത്തിൽ 45800, ന്യൂസിലാൻഡിൽ 20000, ജർമ്മനിയിൽ 20000, സിംഗപ്പൂരിൽ 3000 എന്നീ ലുമാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. 2020 മുതലുള്ള വിവിധ വർഷങ്ങളിലെ പീപ്പിൾസ് ലിംഗ്വിസ്റ്റിക് സർവ്വേ പ്രകാരമുള്ള കണക്കാണിതെന്നതിനാൽ അതിലിപ്പോൾ നേരിയ വ്യത്യാസങ്ങൾ വരാനുമുള്ള സാധ്യതയുമുണ്ട്.

ഇന്ത്യയുടെ ഔദ്യോഗിക ഭാഷയായ ഹിന്ദി ദക്ഷിണാഫ്രിക്കയിലെ അംഗീകൃത ന്യൂനപക്ഷഭാഷയാണ് അവിടെ ഇതിനെ സംരക്ഷിതഭാഷയായി പ്രഖ്യാപിച്ചിട്ടുമുണ്ട്. യുണൈറ്റഡ് അറബ് എമിറേറ്റ്സിലാവട്ടെ ഹിന്ദി, ഔദ്യോഗിക കോടതി ഭാഷയാണ്. മൗറീഷ്യസിൽ ഹിന്ദി ഒരു സാംസ്കാരിക ഭാഷയായും കണക്കാക്കുന്നു.

ബോളിവുഡ് എന്നറിയപ്പെടുന്ന ഹിന്ദിഭാഷാ ചലച്ചിത്രവ്യവസായത്തിലൂടെ ഒട്ടനവധി വിദേശരാജ്യങ്ങളിലും ഹിന്ദി ഏറെ സുപരിചിതമായിട്ടുണ്ട്. ബോളിവുഡ് സിനിമകളുടെ ചിത്രീകരണമികവും അതിലെ ഗാനങ്ങളുടെ മധുരിമയുമാണ് ഇതിനുള്ള പ്രധാന കാരണങ്ങൾ.

(ശേഷം 8 –ാം പേജിൽ)






*രാമായണമാസാരംഭത്തിൽ സംഘടിപ്പിച്ച രാമായണ പ്രഭാഷണം പരിപാടിയിൽ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ രാമായണ പ്രഭാഷണം നടത്തുന്നു*

## ശാസ്ത്രലോകം


ജയ ശ്രീകുമാർ

# ബെറ്റി നെസ്മിത് ഗ്രഹാം
# ഇങ്ക് വൈറ്റ്നർ:
### അടുക്കളയിലെ മിക്സിയിൽ നിന്നും ലോകം കീഴടക്കിയ വിപ്ലവ കണ്ടുപിടുത്തം!

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

നമ്മൾ പേന കൊണ്ട് എഴുതുമ്പോൾ തെറ്റ് പറ്റിയാൽ ഉടനെ 'ഇങ്ക് വൈറ്റ്നർ' തേച്ച് അത് മായ്ക്കാറുണ്ട് . എന്നാൽ, ഈ വൈറ്റ്നർ കണ്ടുപിടിച്ചത് കഠിനാധ്വാനത്തിലൂടെ ജീവിതത്തോട് പൊരുതി വിജയിച്ച ഒരു സാധാരണ സ്ത്രീയാണെന്ന് എത്രപേർക്ക് അറിയാം. അമേരിക്കയിലെ ടെക്സാസിയിൽ ജനിച്ച ബെറ്റി നെസ്മിത് ഗ്രഹാം (Bette Nesmith Graham) ആയിരിന്നു അത്. ചെറുപ്പത്തിൽ തന്നെ വിവാഹമോചിതയായ അവർ, തന്റെ മകനായ മൈക്കലിനെ വളർത്താൻ വളരെയേറെ കഷ്ടപ്പെട്ടിരുന്നു. ഒരു സിംഗിൾ മദർ എന്ന നിലയിൽ സ്വന്തം കുടുംബം പുലർത്താൻ വേണ്ടിയാണ് അവർ 1950-കളിൽ ഒരു ബാങ്കിൽ എക്സിക്യൂട്ടീവ് സെക്രട്ടറിയായി ജോലിക്ക് കയറുന്നത്. എന്നാൽ ആ ജോലി അത്ര എളുപ്പമായിരുന്നില്ല. രേഖകളും കത്തുകളുമെല്ലാം ടൈപ്പ്റൈറ്റർ ഉപയോഗിച്ചാണ് അന്ന് അടിച്ചിരുന്നത്. ടൈപ്പ് ചെയ്യുമ്പോൾ ഒരൊറ്റ അക്ഷരം തെറ്റിയാൽ പോലും അത് മായ്ക്കാൻ കഴിയില്ലായിരുന്നു. ഒരു ചെറിയ തെറ്റ് കാരണം വലിയ പേജുകൾ വീണ്ടും വീണ്ടും ടൈപ്പ് ചെയ്യേണ്ടി വരുന്നത് ബെറ്റിയെയും മറ്റ് ജീവനക്കാരെയും ഏറെ ബുദ്ധിമുട്ടിച്ചു. ഇതിന് എന്താണ് ഒരു പരിഹാരം എന്നവർ ചിന്തിച്ചു. ഒരു ദിവസം ചിത്രകാരന്മാർ ചിത്രത്തിലെ തെറ്റുകൾ മായ്ക്കാതെ, അതിന് മുകളിൽ വെള്ള പെയിന്റ് അടിച്ച് മറയ്ക്കുന്നത് ബെറ്റി ശ്രദ്ധിച്ചു. ഈ ഐഡിയ അവർ സ്വന്തം ഓഫീസിലും പരീക്ഷിക്കാൻ തീരുമാനിച്ചു. വീട്ടിലെ അടുക്കളയിൽ വെച്ച് മിക്സി ഉപയോഗിച്ച് വൈറ്റ് പെയിന്റും ചില ചേരുവകളും ചേർത്ത് അവർ ഒരു വെള്ള ദ്രാവകം ഉണ്ടാക്കിയെടുത്തു. അത ഒരു ചെറിയ നെയിൽ പോളിഷ് കുപ്പിയിലാക്കി ഒരു ബ്രഷുമായി അവർ ഓഫീസിലേക്ക് കൊണ്ടുപോയി. ടൈപ്പ് ചെയ്യുമ്പോൾ തെറ്റ് വരുന്ന ഭാഗത്ത് ബെറ്റി ഈ വെള്ള പെയിന്റ് ചെറുതായി തേച്ചുപിടിപ്പിച്ചു. അത് ഉണങ്ങുമ്പോൾ അതിന് മുകളിൽ




(ശേഷം 7 –ാം പേജിൽ)

## മുറുകും മിഴയും


ഡോ. രമേശ് ഇളമൺ നമ്പൂതിരി

**സ്വസ്തി**

ജീവിതത്തിൽ സമാധാനമുണ്ടെന്ന്
ആരാണ് പറഞ്ഞത്?
ഉണ്ടെങ്കിൽ മരണശേഷം ഇങ്ങനെ
എഴുതില്ലല്ലോ
'Rest In Peace!'

**ദുർഗ്രാഹ്യം**

ഒഴുകും നദിയിലെതിർദിശയിലെത്തുന്ന
വനശിഖരങ്ങൾ നാം കേവലസഞ്ചാരികൾ
ഉരുകുന്നു പിന്നെയൊന്നും
പറയുവാനാവാതെ
ഒഴുകുന്നു മാറുന്നു അപരിചിതമേതോ
ദിശതേടി.

**എന്നുമെന്നും**

ഇന്നലെയെന്റെ മുറ്റത്ത്
ചിരിച്ചു വിടർന്നൊരു നീലമലരേ
നയന സൗഭാഗ്യതാരകേ
തിരിയില്ല നാളെയീ കൊഴിഞ്ഞു പോയിടിലും
നീയിന്നു നൽകുമീ സൗരഭ്യവും
സൗഹൃദവും

**തസ്കരൻ**

കാലമാണ് ഏറ്റവും വലിയ മോഷ്ടാവ്
ഒന്നും അവനു വേണ്ട
എന്നിട്ടും അവൻ മോഷ്ടിക്കുന്നു

**നിത്യഗന്ധം**

അജ്ഞാതമേതോ വിപിനങ്ങളിൽ നിന്നൊരു
നാദം വിചിത്രം തികച്ചുമപരിചിതം
പിന്നിലോ ഗഗനസ്പർശിയാമൊരു
കറുത്ത നിഴൽ
പിന്നെയോ ബോധമണ്ഡലം ശൂന്യം
നിർജ്ജീവം.
എങ്കിലും നിലനിൽപ്പൂ നിത്യമായ്
ഇവിടെയിതാ
നാമന്നു കോർത്തിട്ട സ്നേഹമാല്യവും
അതിൻ നിർഭര സൗരഭ്യവും.

## കാര്യവിചാരം

# എലിസബത്ത് രാജ്ഞിയെ വീഴ്ത്തിയ കൈമണിക്കാരൻ


പ്രൊഫ. ജി. ബാലചന്ദ്രൻ

ലോകത്തിലെ ഏറ്റവും വലിയ ഭരണാധികാരി എന്ന നിലയിൽ വിഖ്യാതയായിരുന്നു എലിസബത്ത് രാജ്ഞി. അവരുടെ ദിനചര്യകളിലെ പ്രധാനയിനമായിരുന്നു പ്രഭാതസവാരി.

അന്നത്തെ ഇംഗ്ലണ്ടിലെ റോഡുകൾ ഇന്ന് കേരളത്തിലുള്ള കച്ചടാറോഡുകളെ അനുസ്മരിപ്പിക്കുന്നതായിരുന്നു. ഇടയ്ക്കിടയ്ക്ക് കുണ്ടും കുഴിയും ചെളിവെള്ളവും മഴക്കാലത്ത് പ്രത്യക്ഷപ്പെട്ടിരുന്നു. ഒരു ദിവസം പ്രഭാതസവാരിക്കിടെ രാജ്ഞിയുടെ ഒരു കാലെങ്കിലും ചെളിവെള്ളത്തിൽ ചവിട്ടാതെ മുൻപോട്ടു പോകാൻ കഴിയാത്ത അവസ്ഥ. രാജ്ഞിയും പരിവാരങ്ങളും അൽപ്പസമയം ശങ്കിച്ചു നിന്നു. ഇതെല്ലാം നോക്കിക്കൊണ്ട് ഒരു അപരിചിതൻ നിൽപ്പുണ്ടായി രുന്നു. അയാൾ പെട്ടെന്ന് മുൻപോട്ടുവന്ന് തന്റെ കോട്ട് അഴിച്ച് ചെളി വെള്ളത്തിന് മുകളിൽ വിരിച്ച് രാജ്ഞിയോട് പറഞ്ഞു: ഒട്ടും മടിക്കാതെ ഈ കോട്ടിന്റെ മുകളിൽ ചവുട്ടി യാത്ര തുടരുക. അല്പം മടിച്ചുനിന്ന എലിസബത്ത് രാജ്ഞിയോട് നവാഗതൻ വീണ്ടും പറഞ്ഞു: എന്തിനു മടിക്കണം, ഞാനല്ലേ പറയുന്നത്. എന്റെ കോട്ടിൽ ചവുട്ടി ദേവി സസന്തോഷം മുൻപോട്ടു പോയാട്ടെ.

ഈ അപരിചിതന്റെ നിരന്തരമായ പ്രോൽസാഹനത്തിനു വഴങ്ങി രാജ്ഞി ആ കോട്ടിൽ ചവുട്ടി അപ്പുറം കടന്നു.

(ശേഷം 2 –ാം പേജിൽ)



# ജൂലൈ ഡയറി

ആശ അരവിന്ദ്

## ജൂലൈ 1

- യുഎഇയുടെ യാത്രാ ഗതാഗത രംഗത്ത് ചരിത്രം കുറിച്ചുകൊണ്ട് രാജ്യത്തെ പ്രഥമ പാസഞ്ചർ ട്രെയിനായ ഇത്തിഹാദ് റെയിൽ ഫുജൈറയിൽ നിന്ന് അബുദാബിയിലേക്കുള്ള കന്നിയാത്ര വിജയകരമായി പൂർത്തിയാക്കി. വൈഫൈ സൗകര്യം, ഇൻഫോടെയ്ൻമെന്റ് സിസ്റ്റങ്ങൾ, ചാർജിങ് പോർട്ടുകൾ എന്നിവയടക്കം അത്യാധുനികസൗകര്യങ്ങളോടെ 400 യാത്രക്കാരെ വഹിക്കാൻ ശേഷിയുള്ള ഈ ട്രെയിനിൽ കംഫർട്ട് ക്ലാസ് ടിക്കറ്റ് നിരക്കുകൾ 55 ദിർഹം മുതലാണ് ആരംഭിക്കുന്നത്.

## ജൂലൈ 2

- ഓപ്പറേഷൻ സിന്ദൂരിൽ രണ്ടാം കോർപ്സിന്റെ കമാൻഡറായിരുന്ന ലെഫ്റ്റനന്റ് ജനറൽ രാജേഷ് പുഷ്കർ ബുധനാഴ്ച സതേൺ കമാൻഡിന്റെ ജനറൽ ഓഫീസർ കമാൻഡിംഗ്-ഇൻ-ചീഫായി ചുമതലയേറ്റു. ആർമി സ്റ്റാഫിന്റെ വൈസ് ചീഫ് ആയി ചുമതലയേറ്റ ലെഫ്റ്റനന്റ് ജനറൽ സന്ദീപ് ജെയിനിന്റെ പിൻഗാമിയായി അദ്ദേഹം ചുമതലയേറ്റതായി പ്രതിരോധ പ്രസ്താവനയിൽ പറയുന്നു.

## ജൂലൈ 3

- ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന പരിഹാര ശൃംഖല പുറത്തുവിട്ട 2026-ലെ ആഗോള സുസ്ഥിര വികസന സൂചികയിൽ യൂറോപ്യൻ രാജ്യങ്ങളായ ഫിൻലാൻഡ്, സ്വീഡൻ, ഡെന്മാർക്ക് എന്നിവർ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി മികച്ച പ്രകടനം കാഴ്ചവെച്ചു. ആകെ 167 രാജ്യങ്ങൾ അണിനിരന്ന ഈ ആഗോള പട്ടികയിൽ, കഴിഞ്ഞ വർഷത്തേക്കാൾ അഞ്ച് സ്ഥാനങ്ങൾ മെച്ചപ്പെടുത്തി 94-ാം റാങ്കിലെത്താൻ ഇന്ത്യയ്ക്ക് സാധിച്ചു.

## ജൂലൈ 4.

- അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായി വൈഭവ് സൂര്യവംശി. സച്ചിൻ ടെണ്ടുൽക്കറുടെ ദീർഘകാലത്തെ റെക്കോർഡാണ് സൂര്യവംശി തകർത്തത്. മാഞ്ചസ്റ്ററിൽ ഇംഗ്ലണ്ടിനെതിരെ നടക്കുന്ന രണ്ടാം ടി20 മത്സരത്തിലാണ് ഈ കൗമാരക്കാരൻ തന്റെ ആദ്യ അന്താരാഷ്ട്ര ക്യാപ്പ് സ്വീകരിച്ചത്. ഇതോടെ ഇന്ത്യൻ പുരുഷ ടീമിനായി കളിക്കുന്ന ചരിത്രത്തിലെ ആദ്യത്തെ 15 വയസ്സുകാരനായി സൂര്യവംശി മാറി.

## ജൂലൈ 5

- ഇന്ത്യയിൽ ആദ്യമായി വാണിജ്യാടിസ്ഥാനത്തിൽ മാച്ചാ ടീ (Matcha Tea) ഉത്പാദിപ്പിച്ച് അസം സംസ്ഥാനം ചരിത്രം കുറിച്ചു. അസമിലെ ടിൻസുകിയ ജില്ലയിലുള്ള പ്രമുഖ തോട്ടമായ 'ഛോട്ടാ ടിങ്റായി ടീ എസ്റ്റേറ്റിലാണ്' ഈ പ്രീമിയം ചായ ഉത്പാദിപ്പിച്ചത്. ഗുവാഹത്തി ടീ ഓക്ഷൻ സെന്ററിൽ നടന്ന ആദ്യ ലേലത്തിൽ കിലോയ്ക്ക് 3,000 രൂപ എന്ന റെക്കോർഡ് വിലയ്ക്കാണ് ഈ മാച്ചാ ടീ വിറ്റുപോയത്.

## ജൂലൈ 6

- ലണ്ടനിലെ ലോർഡ്സിൽ നടന്ന ഫൈനലിൽ ആതിഥേയരായ ഇംഗ്ലണ്ടിനെ ഏഴ് വിക്കറ്റിന് തകർത്ത് ഓസ്ട്രേലിയ ഏഴാമത് വനിതാ ട്വന്റി-20 ലോകകപ്പ് കിരീടം സ്വന്തമാക്കി. ആദ്യം ബാറ്റ് ചെയ്ത് ഇംഗ്ലണ്ട് ഉയർത്തിയ 151 റൺസ് വിജയലക്ഷ്യം, ഓപ്പണർ ബെത് മൂണിയുടെ (64 റൺസ്) തകർപ്പൻ ബാറ്റിംഗിന്റെ കരുത്തിൽ 17.1 ഓവറിൽ 3 വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി ഓസ്ട്രേലിയ മറികടന്നു.

## ജൂലൈ 7

- ടെന്നീസ് ചരിത്രത്തിൽ നൊവാക് ജോക്കോവിച്ച് വിംബിൾഡണിൽ സർവ്വകാല റെക്കോർഡ് സ്വന്തമാക്കിയിരിക്കുകയാണ്. വിംബിൾഡൺ പുരുഷ സിംഗിൾസിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ വിജയിക്കുന്ന താരമെന്ന റോജർ ഫെഡററുടെ റെക്കോർഡാണ് ജോക്കോവിച്ച് തകർത്തത്. ഇതോടെ വിംബിൾഡൺ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിജയങ്ങൾ നേടിയ പുരുഷ താരമായി ജോക്കോവിച്ച് മാറി. നിലവിൽ സ്ത്രീ-പുരുഷ ഭേദമന്യേയുള്ള വിംബിൾഡൺ വിജയങ്ങളുടെ കണക്കെടുത്താൽ 120 വിജയങ്ങളുമായി ഒന്നാം സ്ഥാനത്തുള്ള മാർട്ടീന നവരത്തിലോവയ്ക്ക് തൊട്ടുപിന്നിൽ രണ്ടാം സ്ഥാനത്താണ് ജോക്കോവിച്ചിന്റെ സ്ഥാനം.

## ജൂലൈ 8

- ബ്രസീലിയൻ ഫുട്ബോൾ താരം നെയ്മർ ജൂനിയർ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് ഔദ്യോഗികമായി വിരമിക്കൽ പ്രഖ്യാപിച്ചു. 2026 ഫിഫ ലോകകപ്പിന്റെ പ്രീ-ക്വാർട്ടറിൽ നോർവെയോട് തോറ്റ് (2-1) ബ്രസീൽ പുറത്തായതിന് തൊട്ടുപിന്നാലെയാണ് 34-കാരനായ താരം മഞ്ഞക്കുപ്പായത്തോടുള്ള വിടപറച്ചിൽ പ്രഖ്യാപിച്ചത്. തന്റെ 16 വർഷം നീണ്ട അന്താരാഷ്ട്ര കരിയറിനാണ് അദ്ദേഹം ഇതോടെ വിരാമമിട്ടത്.

## ജൂലൈ 9

- ഒഡീഷയിലെ ചാന്ദിപൂർ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ വെച്ച് ഇന്ത്യയുടെ ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (DRDO), 'പിനാക ലോങ് റേഞ്ച് ഗൈഡഡ് റോക്കറ്റ്' (Pinaka LRGR) വിജയകരമായി പരീക്ഷിച്ചു.

## ജൂലൈ 10

- ഭാരത സർക്കാരിന്റെ ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ 'സമൃദ്ധ് ഗ്രാം' പദ്ധതിക്ക് രാജ്യാന്തര തലത്തിൽ തിളക്കമാർന്ന അംഗീകാരം. സ്വിറ്റ്സർലൻഡിലെ ജനീവയിൽ നടന്ന ലോക ഇൻഫർമേഷൻ സൊസൈറ്റി ഉച്ചകോടിയിൽ 2026-ലെ അഭിമാനകരമായ പുരസ്കാരത്തിന് പദ്ധതി അർഹമായി. ഭാരത്നെറ്റ് ശൃംഖലയിലൂടെ രാജ്യത്തെ ഗ്രാമീണ മേഖലകളിൽ ഡിജിറ്റൽ സേവനങ്ങൾ വിജയകരമായി എത്തിച്ചതാണ് പദ്ധതിയെ അവാർഡിന് അർഹമാക്കിയത്. ഗ്രാമങ്ങളിൽ ഡിജിറ്റൽ ബാങ്കിംഗ്, വിദ്യാഭ്യാസം, ആരോഗ്യം എന്നിവ ഉറപ്പാക്കുന്നതിൽ വലിയ പങ്കുവഹിച്ച 'സമൃദ്ധ് ഗ്രാം' ആഗോള തലത്തിൽ രാജ്യത്തിന് വലിയ അഭിമാനമായി മാറി.

## ജൂലൈ 11

- യു.എ.ഇയിലെ പ്രമുഖ കലാസാംസ്കാരിക സംഘടനകളായ ചിരന്തനയും ദർശന കലാസാംസ്കാരിക വേദിയും സംയുക്തമായി ഏർപ്പെടുത്തിയ 2026-ലെ ചിരന്തന മുഹമ്മദ് റാഫി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. യു.എ.ഇ പ്രവാസി സമൂഹത്തിലെ പ്രമുഖ സാമൂഹിക-ജീവകാരുണ്യ പ്രവർത്തകൻ നവാസ് തേക്കടയും, എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ ശ്രീജിഷ് ശാരദ ശ്രീകണ്ഠൻ നായരുമാണ് ഈ വർഷത്തെ അവാർഡിന് അർഹരായത്.

## ജൂലൈ 12

- 2026 നവംബറിൽ നടക്കാനിരിക്കുന്ന എട്ടാമത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് തെലങ്കാന ആതിഥേയത്വം വഹിക്കും. കേന്ദ്ര യുവജനകാര്യ കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യയും തെലങ്കാന മുഖ്യമന്ത്രി എ. രേവന്ത് റെഡ്ഡിയും ചേർന്നാണ് ഈ പ്രഖ്യാപനം നടത്തിയത്.

## ജൂലൈ 13

- കൊളംബിയയിലെ ബുക്കാരാമംഗയിൽ നടന്ന 56-ാമത് അന്താരാഷ്ട്ര ഫിസിക്സ് ഒളിമ്പ്യാഡിൽ പങ്കെടുത്ത അഞ്ച് ഇന്ത്യൻ വിദ്യാർത്ഥികളും സ്വർണ്ണ മെഡൽ നേടി രാജ്യത്തെ ലോക റാങ്കിംഗിൽ ഒന്നാമതെത്തിച്ചു. കനിഷ്ക് ജെയിൻ, ഋദ്ധേഷ് അനന്ത് ബെൻഡാലെ, ഋഷിത് ഗാർഗ്, ശ്രേഷ്ഠ് സുരയ്യ, സ്വരിത് ജോഷി എന്നിവരടങ്ങുന്ന ഇന്ത്യൻ ടീമാണ് 87 രാജ്യങ്ങളിൽ നിന്നുള്ള 381 വിദ്യാർത്ഥികളോട് മത്സരിച്ച് ഈ അപൂർവ്വ നേട്ടം കൈവരിച്ചത്.

## ജൂലൈ 14

- മുൻ ഐഎസ്ആർഒ ചെയർമാൻ ഡോ. എസ്. സോമനാഥ് ചെന്നൈ ആസ്ഥാനമായുള്ള സ്വകാര്യ ബഹിരാകാശ സ്റ്റാർട്ടപ്പായ അഗ്നികുൾ കോസ്മോസിന്റെ ഡയറക്ടർ ബോർഡിൽ നിരീക്ഷകനായി (ഓർഗനൈസേഷണൽ ഒബ്സർവർ) ചുമതലയേറ്റു. കമ്പനിയുടെ നിർണായകമായ 'മിഷൻ 02' വിക്ഷേപണത്തിന് മുന്നോടിയായാണ് ഈ സുപ്രധാന നീക്കം. ഇന്ത്യയിലാദ്യമായി ഓർബിറ്റൽ ക്ലാസ് റോക്കറ്റ് ബൂസ്റ്റർ വീണ്ടെടുക്കാനും അപ്പർ സ്റ്റേജ് ഒരു ഓർബിറ്റ് പ്ലാറ്റ്ഫോമാക്കാനും ലക്ഷ്യമിടുന്നതാണ് ഈ ദൗത്യം.

## ജൂലൈ 15

- ഇന്ത്യൻ വംശജനായ നാസ ബഹിരാകാശ യാത്രികൻ ഡോ. അനിൽ മേനോൻ, റഷ്യൻ കോസ്മോനോട്ടുകളായ പ്യോട്ടർ ഡുബ്രോവ്, അന്ന കികിന എന്നിവർക്കൊപ്പം റഷ്യയുടെ സോയൂസ് MS29 (Soyuz MS29) ബഹിരാകാശ പേടകത്തിൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് (ISS) വിജയകരമായി യാത്ര തിരിച്ചു. കസാക്കിസ്ഥാനിലെ ബൈക്കനൂർ കോസ്മോഡ്രോമിൽ നിന്ന് ഇന്ത്യൻ സമയം രാത്രി 08:17-നാണ് ഈ ചരിത്രപരമായ വിക്ഷേപണം നടന്നത്. പാലക്കാട് ഒറ്റപ്പാലം സ്വദേശിയായ കെ.പി. ശങ്കരൻ മേനോന്റെ മകനായ ഡോ. അനിൽ മേനോൻ, ഈ 8 മാസത്തെ ദൗത്യത്തിൽ മൈക്രോ ഗ്രാവിറ്റി പരീക്ഷണങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത മെഡിക്കൽ സാങ്കേതികവിദ്യകളുടെ പരിശോധന, സ്പെയ്സ് വോക്കുകൾ എന്നിവയ്ക്ക് നേതൃത്വം നൽകും.

## ജൂലൈ 16

- രാഷ്ട്രപതി ദ്രൗപദി മുർമു 2026 ജൂലൈ 15 മുതൽ 17 വരെ ഡൽഹിയിൽ നടക്കുന്ന 'സൗശ്രുതം 2026' എന്ന മൂന്നു ദിവസത്തെ അന്താരാഷ്ട്ര ആയുർവേദ ശസ്ത്രക്രിയ സെമിനാർ ഉദ്ഘാടനം ചെയ്തു. ആയുർവേദ ശസ്ത്രക്രിയയെ ആധുനിക സാങ്കേതികവിദ്യയുമായി സംയോജിപ്പിച്ച് ആഗോളതലത്തിൽ വളർത്താൻ ലക്ഷ്യമിട്ട ഈ ചടങ്ങിൽ ഇന്ത്യ, യുകെ, ശ്രീലങ്ക, തായ്‌ലൻഡ്, ഇസ്രായേൽ, ഓസ്ട്രിയ, ഇന്തോനേഷ്യ, നേപ്പാൾ, ഗ്രീസ് എന്നീ 9 രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുത്തു. കൂടാതെ, ഒരു പുതിയ AI-അധിഷ്ടിത MRI സൗകര്യത്തിന്റെ ഉദ്ഘാടനവും രാഷ്ട്രപതി ഇതിനൊപ്പം നിർവ്വഹിച്ചു.

## ജൂലൈ 17

- രാജ്യത്തെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്തു. ഹരിയാനയിലെ ജിന്ദ് സ്റ്റേഷനിൽ നിന്ന് ആരംഭിക്കുന്ന പാസഞ്ചർ ട്രെയിൻ സോണിപത് വരെ 89 കിലോമീറ്റർ ദൂരമാണ് സർവ്വീസ് നടത്തുക. നമോ ഗ്രീൻ റെയിൽ എന്ന് പേരിട്ടിരിക്കുന്ന ട്രെയിൻ പൂർണമായും ഇന്ത്യൻ നിർമ്മിതമാണ്. സർവ്വീസ് ആരംഭിച്ചതോടെ ലോകത്തിലെ തന്നെ ഏറ്റവും നീളമേറിയ ബ്രോഡ്ഗേജ് ഹൈഡ്രജൻ ട്രെയിൻ എന്ന റെക്കോർഡും നമോ ഗ്രീൻ റെയിലിന് സ്വന്തമായി.

## ജൂലൈ 18

- ഇന്ത്യയുടെ ബഹിരാകാശ ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ചുകൊണ്ട് ആദ്യ സ്വകാര്യ ഓർബിറ്റൽ റോക്കറ്റായ 'വിക്രം-1' വിജയകരമായി വിക്ഷേപിച്ചു. ഹൈദരാബാദ് ആസ്ഥാനമായുള്ള സ്കൈറൂട്ട് എയറോസ്പേസ് വികസിപ്പിച്ച ഈ റോക്കറ്റ്, 2026 ജൂലൈ 18-ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നാണ് ഭ്രമണപഥത്തിലേക്ക് കുതിച്ചുയർന്നത്. തദ്ദേശീയമായി നിർമ്മിച്ച ഈ റോക്കറ്റിന്റെ വിജയം, ഉപഗ്രഹങ്ങളെ കുറഞ്ഞ ചെലവിൽ ബഹിരാകാശത്ത് എത്തിക്കാൻ സഹായിക്കും.

## ജൂലൈ 19

- 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. 34 ഭാഷകളിൽ നിന്നും 400 സിനിമകളായിരുന്നു ഇത്തവണ ദേശീയ ചലച്ചിത്ര പുരസ്കാരത്തിന് വേണ്ടി മത്സരിച്ചിരുന്നത്. ഭ്രമയുഗത്തിലെ മികച്ച പ്രകടനത്തിലൂടെ മമ്മൂട്ടി മികച്ച നടനുള്ള പുരസ്കാരം സ്വന്തമാക്കി. മമ്മൂട്ടിയുടെ നാലാം ദേശീയ പുരസ്കാരമാണിത്. മികച്ച തമിഴ് ചിത്രം ധനുഷ് സംവിധാനം ചെയ്ത രായൻ സ്വന്തമാക്കി. മികച്ച മലയാള ചിത്രത്തിനുള്ള പുരസ്കാരം ഫാസിൽ മുഹമ്മദ് സംവിധാനം ചെയ്ത ഫെമിനിച്ചി ഫാത്തിമ സ്വന്തമാക്കി. മികച്ച ഹിന്ദി സിനിമയ്ക്കുള്ള പുരസ്കാരം ശ്രീകാന്ത് സ്വന്തമാക്കി. ലക്കി ഭാസ്കറിലൂടെ മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം വെങ്കി അറ്റ്ലൂരി നേടി. ആർട്ടിക്കിൾ 370 എന്ന ചിത്രത്തിലൂടെ പ്രകടനത്തിന് യാമി ഗൗതത്തിനാണ് മികച്ച നടിക്കുള്ള പുരസ്കാരം. അമരൻ എന്ന ചിത്രത്തിലൂടെ മികച്ച സംവിധായകനുള്ള പുരസ്കാരം രാജ്കുമാർ പെരിയസ്വാമി സ്വന്തമാക്കി. കൽക്കി 2898 എ.ഡി. മികച്ച ജനപ്രിയ വിനോദചിത്രത്തിനുള്ള പുരസ്കാരം നേടി. ആർട്ടിക്കിൾ 370 ആണ് മികച്ച ഫീച്ചർ സിനിമയ്ക്കുള്ള പുരസ്കാരം നേടിയത്.

## ജൂലൈ 20

- ഇന്ത്യയിലെ മുതിർന്ന ഉദ്യോഗസ്ഥനായ വിവേക് അഗർവാളിനെ 2026-27 കാലയളവിലേക്കുള്ള ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിന്റെ (എഫ്എടിഎഫ്) അടുത്ത വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്തു. നിലവിൽ സാംസ്കാരിക മന്ത്രാലയത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന ശ്രീ അഗർവാൾ, നേരത്തെ എഫ്എടിഎഫിലേക്കുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചിരുന്നു.

## ജൂലൈ 21

- രാജ്യത്തെ ആദ്യത്തെ ഇമ്മേഴ്സീവ് ഭാഷാ മ്യൂസിയമായ 'ശബ്ദലോക്' (Museum of Word) കൊൽക്കത്ത നാഷണൽ ലൈബ്രറി ക്യാമ്പസിലെ ബെൽവെഡെയർ ഹൗസിൽ പ്രവർത്തനമാരംഭിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായാണ് മ്യൂസിയം ഉദ്ഘാടനം ചെയ്തത്. ഒൻപത് പ്രത്യേക തീമാറ്റിക് ഗാലറികളിലൂടെ ഇന്ത്യയിലെ 380-ലധികം ഭാഷകളുടെയും ഉപഭാഷകളുടെയും ഉത്ഭവവും പരിണാമവും അടുത്തറിയാൻ ഇവിടെ സൗകര്യമൊരുക്കിയിട്ടുണ്ട്.

## ജൂലൈ 22

- ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ജലശുദ്ധീകരണ വാനായ 'ജൽ-യാൻ' (JALYAAN) പുറത്തിറക്കി. CSIRCSMCRI (സെൻട്രൽ സാൾട്ട് ആൻഡ് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), 'റൈറ്റ് വാട്ടർ സൊല്യൂഷൻസ്' എന്നിവർ സംയുക്തമായാണ് ഈ സംവിധാനം വികസിപ്പിച്ചെടുത്തത്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള മലിനജലത്തെ സുരക്ഷിതമായ കുടിവെള്ളമാക്കി മാറ്റാൻ ശേഷിയുള്ള ഈ മൊബൈൽ വാൻ പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ സൗരോർജ്ജത്തിലാണ് പ്രവർത്തിക്കുന്നത്.

## ജൂലൈ 23

- ഗണിതശാസ്ത്രത്തിലെ ഏറ്റവും ഉയർന്ന ബഹുമതിയായ ഫീൽഡ്സ് മെഡൽ 2026 ജൂലൈ 23-ന് യുഎസിലെ ഫിലാഡൽഫിയയിൽ വെച്ച് പ്രഖ്യാപിച്ചു. നാല് വർഷത്തിലൊരിക്കൽ 40 വയസ്സിൽ താഴെയുള്ള യുവ ശാസ്ത്രജ്ഞർക്ക് നൽകുന്ന ഈ പരമോന്നത ബഹുമതിക്ക് ഇത്തവണ നാല് പേരാണ് അർഹരായത്. 15,000 കനേഡിയൻ ഡോളറും സ്വർണ്ണ മെഡലുമാണ് സമ്മാനം.

## ജൂലൈ 24

- ഇന്ത്യയിലെ ആദ്യത്തെ ഡെങ്കിപ്പനി പ്രതിരോധ വാക്സിനായ 'ക്യൂഡെങ്ക' (QDENGA) എന്ന വാക്സിന് ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ (DCGI) രാജ്യത്ത് വിപണനാനുമതി നൽകി. ജാപ്പനീസ് ബയോഫാർമസ്യൂട്ടിക്കൽ കമ്പനിയായ ടകെഡ (Takeda) വികസിപ്പിച്ച ഈ വാക്സിൻ, ഡെങ്കി വൈറസിന്റെ നാല് വകഭേദങ്ങൾക്കെതിരെയും ഫലപ്രദമാണ്. മുൻപ് ഡെങ്കിപ്പനി വന്നിട്ടില്ലാത്തവർക്കും വന്നിട്ടുള്ളവർക്കും ഒരുപോലെ സ്വീകരിക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത. നാല് വയസ്സ് മുതൽ 60 വയസ്സ് വരെയുള്ളവർക്ക് മൂന്ന് മാസത്തെ ഇടവേളകളിൽ രണ്ട് ഡോസുകളായാണ് ഈ വാക്സിൻ നൽകേണ്ടത്. ലോകാരോഗ്യ സംഘടനയുടെ (WHO) അംഗീകാരമുള്ള ഈ വാക്സിന്റെ വരവ് ഇന്ത്യയിലെ ഡെങ്കിപ്പനി പ്രതിരോധ രംഗത്ത് വലിയൊരു നാഴികക്കല്ലാകും.

## ജൂലൈ 25

- ഫിഡെ (FIDE) പ്രസിഡന്റ് അർക്കാഡി ദ്വോർക്കോവിച്ചിന് യൂറോപ്യൻ യൂണിയൻ ഉപരോധം ഏർപ്പെടുത്തിയതിനെ തുടർന്ന്, ഇന്ത്യൻ ചെസ്സ് ഇതിഹാസവും ഡെപ്യൂട്ടി പ്രസിഡന്റുമായ വിശ്വനാഥൻ ആനന്ദ് അന്താരാഷ്ട്ര ചെസ്സ് ഫെഡറേഷന്റെ ഇടക്കാല പ്രസിഡന്റായി ചുമതലയേറ്റു. 2026 സെപ്റ്റംബറിൽ ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിൽ നടക്കുന്ന ഫിഡെ ജനറൽ അസംബ്ലിയിൽ പുതിയ പ്രസിഡന്റിനായുള്ള ഔദ്യോഗിക തെരഞ്ഞെടുപ്പ് നടക്കുന്നത് വരെ വിശ്വനാഥൻ ആനന്ദ് ഈ പദവിയിൽ തുടരും.

## ജൂലൈ 26

- കാനഡയിലെ നയാഗ്ര ഓൺ ദി ലേക്കിൽ നടന്ന വേൾഡ് ജൂനിയർ സ്ക്വാഷ് ചാമ്പ്യൻഷിപ്പിൽ (World Junior Squash Championship 2026) കിരീടം ചൂടി പതിനെട്ടുകാരിയായ ഇന്ത്യൻ താരം അനാഹത് സിംഗ് ചരിത്രം കുറിച്ചു. കലാശപ്പോരാട്ടത്തിൽ ഈജിപ്തിന്റെ രണ്ടാം സീഡ് താരം റുഖയ്യ സലിമിനെ നേരിട്ടുള്ള ഗെയിമുകൾക്ക് പരാജയപ്പെടുത്തിയാണ് ടോപ്പ് സീഡായ അനാഹത് ഈ സ്വർണ്ണനേട്ടം സ്വന്തമാക്കിയത്.

## ജൂലൈ 27

- സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ നടന്ന 23-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയുടെ വെയിറ്റ്ലിഫ്റ്റിങ് താരം സായ്ഖോം മീരാഭായ് ചാനുവിന് ചരിത്ര നേട്ടം. 2026 ജൂലൈ 26 ന് എസ്ഇസി അർമാഡില്ലോ (SEC Armadillo) സ്റ്റേഡിയത്തിൽ നടന്ന വനിതകളുടെ 48 കിലോഗ്രാം ഭാരോദ്വഹന മത്സരത്തിലാണ് ചാനു ഇന്ത്യയുടെ ആദ്യ സ്വർണ്ണ മെഡൽ സ്വന്തമാക്കിയത്. മത്സരത്തിൽ സ്നാച്ചിൽ 85 കിലോയും, ക്ലീൻ ആൻഡ് ജെർക്കിൽ 105 കിലോയും ഉൾപ്പെടെ ആകെ 190 കിലോ ഭാരം ഉയർത്തി മൂന്ന് പുതിയ കോമൺവെൽത്ത് ഗെയിംസ് റെക്കോർഡുകളോടെയാണ് താരം സ്വർണ്ണം അണിഞ്ഞത്.

## ജൂലൈ 28

- രാജ്യത്തിനാകെ അഭിമാനമായി മാറിയിരിക്കുകയാണ് 12 വയസ്സുകാരിയായ കൊല്ലം സ്വദേശിനി നൗറീൻ അബ്സിൻ സനൂജ്. യുകെ ഈസ്റ്റ് റൈഡിങ് യോർക്ഷർ കൗൺസിലിലെ ആദ്യ യുവ മേയറായി ചരിത്രം കുറിച്ചിരിക്കുകയാണ് ഈ കൊച്ചുമിടുക്കി. പ്രായത്തെ വെല്ലുന്ന മിടുക്കിലൂടെ ബ്രിട്ടീഷ് ജനതയുടെ കൈയടി നേടിയാണ് സൗത്ത് ഹൻസ്ലി സ്കൂൾ ഏഴാം ക്ലാസ് വിദ്യാർഥി നൗറീൻ റെക്കോഡ് നേട്ടം സ്വന്തമാക്കിയത്. 11നും 18നും മധ്യേ പ്രായമുള്ള 47 സ്ഥാനാർഥികളാണ് യുകെ യൂത്ത് പാർലമെന്റിൽ യുവ മേയർ സ്ഥാനത്തേക്ക് മത്സരിച്ചത്. 5000 വോട്ടർമാരാണ് പങ്കാളികളായത്.ഓരോ സ്ഥാനാർഥിയും അവരുടെ മുൻഗണനാ വിഷയങ്ങൾ വിശദീകരിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തതിൽനിന്നാണ് വിജയികളെ കണ്ടെത്തുക. കൊല്ലം മാടൻനട മിൻഷാ മൻസിലിൽ അബ്സിൻ സനൂജ് സെയ്ദ് മുഹമ്മദിന്റെയും ബെനീറ്റയുടെയും മകളാണ് നൗറിൻ. നിലവിൽ യുകെയിലെ സൗത്ത് ഹൻസ്ലി സ്കൂളിൽ ഏഴാം ക്ലാസിൽ പഠിക്കുന്ന നൗറിൻ.

## ജൂലൈ 29

- മധ്യപ്രദേശിലെ ഗ്വാളിയോറിൽ ഇന്ത്യയിലെ ആദ്യത്തെ 'ടെലികോം മാനുഫാക്ചറിംഗ് സോൺ' സ്ഥാപിക്കുന്നതിനായി കേന്ദ്ര ടെലികോം മന്ത്രാലയത്തിന്റെ ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പും മധ്യപ്രദേശ് സർക്കാരും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ ഒപ്പുവെച്ച ഈ പദ്ധതിക്കായി ആദ്യഘട്ടത്തിൽ കേന്ദ്രസർക്കാർ 493 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഏകദേശം 350 ഏക്കർ വിസ്തൃതിയിൽ നിർമ്മിക്കുന്ന ഈ സോണിലൂടെ ഭാവിയിൽ 15,000 കോടി രൂപയുടെ നിക്ഷേപവും 5,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 5G, 6G, സെമികണ്ടക്ടർ മേഖലകളിൽ വലിയ മുന്നേറ്റവുമാണ് രാജ്യം ലക്ഷ്യമിടുന്നത്.

## ജൂലൈ 30

- ദേശീയ ഗീതമായ വന്ദേമാതരത്തെ അപമാനിക്കുന്നതും ആലാപനം തടസ്സപ്പെടുത്തുന്നതും മൂന്ന് വർഷം വരെ തടവോ പിഴയോ ലഭിക്കാവുന്ന ക്രിമിനൽ കുറ്റമാക്കുന്ന ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി. 1971-ലെ ദേശീയ ബഹുമതികളോടുള്ള അവഹേളനം തടയൽ നിയമത്തിലാണ് കേന്ദ്ര സർക്കാർ ഈ ഭേദഗതി വരുത്തിയത്. ഇതോടെ ദേശീയഗാനമായ 'ജനഗണമന'യ്ക്ക് നിലവിലുള്ള അതേ നിയമപരിരക്ഷയും ആദരവും ഇനിമുതൽ ദേശീയ ഗീതമായ 'വന്ദേമാതരത്തിനും' ഔദ്യോഗികമായി ലഭിക്കും.

## ജൂലൈ 31

- ബൗദ്ധിക സ്വത്തവകാശം മികച്ച രീതിയിൽ വിനിയോഗിച്ച് ബിസിനസ്സ് വളർച്ചയും സാമൂഹിക മാറ്റവും കൈവരിച്ച ലോകമെമ്പാടുമുള്ള 11 ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും (SMEs) സ്റ്റാർട്ടപ്പുകൾക്കും വേൾഡ് ഇന്റലക്ച്വൽ പ്രോപ്പർട്ടി ഓർഗനൈസേഷൻ (WIPO) നൽകുന്ന വൈപ്പോ ഗ്ലോബൽ അവാർഡ്സ് 2026 പ്രഖ്യാപിച്ചു. സ്വിറ്റ്സർലൻഡിലെ ജനീവയിൽ നടന്ന വിപ്പോ അസംബ്ലി ചടങ്ങിൽ വെച്ച് ഡയറക്ടർ ജനറൽ ഡാരൻ ടാങ് പുരസ്കാരങ്ങൾ വിതരണം ചെയ്തു. അർജന്റീന, ബ്രസീൽ, ചിലി, ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ, സ്വിറ്റ്സർലൻഡ്, അമേരിക്ക എന്നീ എട്ട് രാജ്യങ്ങളിൽ നിന്നുള്ള കമ്പനികളാണ് ഇത്തവണത്തെ പുരസ്കാരത്തിന് അർഹരായത്.

# കാര്യവിചാരം എലിസബത്ത് രാജ്ഞിയെ വീഴ്ത്തിയ കൈമണിക്കാരൻ

(1-ാം പേജിൽ നിന്നും തുടർച്ച)

അതിനുശേഷം തോഴികളോട് ആ വസ്ത്രമെടുത്ത് കൊട്ടാരത്തിൽ കൊണ്ടു പോയി കഴുകി വൃത്തിയാക്കി ഇസ്തിരിയിട്ട് നാളെത്തന്നെ അദ്ദേഹത്തിന് തിരിച്ച് ഏൽപ്പിക്കണമെന്നും കല്പ്പിച്ചു. തികച്ചും അപ്രതീക്ഷിതമായ ഒരു പ്രതികരണമാണ് അപ്പോൾ അപരിചിതനിൽ നിന്നും ഉണ്ടായത്. ഒറ്റക്കുതിപ്പിന് തോഴിമാരിൽ നിന്നും ആ കോട്ട് പിടിച്ചു വാങ്ങി. അദ്ദേഹം ഇങ്ങനെ പ്രതികരിച്ചു. 'മഹാരാജ്ഞിയുടെ പാദമുദ്ര പതിഞ്ഞ ഈ കോട്ട് ഇതേ രൂപത്തിൽ എന്റെ അലമാരയിൽ എന്നെന്നും സൂക്ഷിക്കുന്നതാണ്.. എനിക്ക് ദിവസവും കണി കാണാനുള്ള ഒരു അലങ്കാരവസ്തുവായി ഇത് നിലനിൽക്കും.'

എലിസബത്ത് രാജ്ഞിയെന്ന ഹിമശൈലം ഉരുകാൻ തുടങ്ങി. അവർ ചോദിച്ചു: 'അങ്ങാരാണ്? അങ്ങയുടെ പേരെന്ത് ?' ഇതിന്റെ മറുപടി: 'എലിസബത്ത് മഹാരാജ്ഞിയെ ആരാധിക്കുന്ന ജനലക്ഷങ്ങളിൽ ഒരുവൻ മാത്രമാണ് ഞാൻ. ഇത് എന്റെ ജീവിതത്തിലെ ധന്യമുഹൂർത്തമാണ്.'

രാജ്ഞി ചോദിച്ചു: "അങ്ങേയ്ക്ക് വൈകുന്നേരം ആറുമണിക്ക് കൊട്ടാരത്തിൽ വരുന്നതിന് തടസ്സമൊന്നുമില്ലല്ലോ?" "മഹാരാജ്ഞി കല്പ്പിച്ചാൽ എവിടെയും വരാൻ ഞാൻ സന്നദ്ധ നാണ്": അയാൾ പ്രതിവചിച്ചു.

അന്ന് വൈകുന്നേരം കൃത്യം 6 മണിക്കുതന്നെ ആ അപരിചിതൻ കൊട്ടാരത്തിൽ ഹാജരായി. തോഴിമാരോടൊത്ത് മഹാരാജ്ഞി തന്നെയാണ് അദ്ദേഹത്തെ സ്വാഗതം ചെയ്തത്. രാജ്ഞി ചോദിച്ചു: "അങ്ങ് ആരാണ്? അങ്ങേയ്ക്ക് എന്തു സഹായമാണ് ഞാൻ ചെയ്യേണ്ടത്? ധൈര്യമായി ചോദിച്ചുകൊള്ളൂ. എന്തും അങ്ങേയ്ക്ക് ലഭ്യമാണ്." വിനയപൂർവ്വമായ മറുപടി ഇതായിരുന്നു: 'ഞാനാണ് കുപ്രസിദ്ധനായ കടൽ കൊള്ളക്കാരൻ - വാൾട്ടർ റാലി. എനിക്ക് എന്തെങ്കിലും സഹായം ചെയ്യണമെന്ന് രാജ്ഞി ആഗ്രഹിക്കുന്നെങ്കിൽ എനിക്കു വേണ്ടത് ഇത്രമാത്രമാണ്. ഫ്രഞ്ച് കപ്പലുകൾ കൊള്ളയടിക്കുന്നതിന് ബ്രിട്ടീഷ് നേവിയുടെ സഹായം ലഭ്യമാക്കിയാൽ വലിയ ഉപകാരമായിരുന്നു. ഫ്രാൻസ് നമ്മുടെ ശത്രുരാജ്യമാണല്ലോ."

"ഇതിനാണോ ഇത്ര വിഷമം?"


രാജ്ഞി അതിനുള്ള ഏർപ്പാടുകൾ ചെയ്തു.

ഫ്രഞ്ച് കപ്പലുകൾ നിർബാധം കൊള്ളയടിക്കുന്നതിന് വാൾട്ടർ റാലിക്ക് കഴിഞ്ഞു എന്നു മാത്രമല്ല അദ്ദേഹം ലോകത്തിലെ ഏറ്റവും വലിയ കടൽ കൊള്ളക്കാരൻ എന്ന ബഹുമതിയും നേടി. രാജ്ഞിയുടെ ഔദാര്യം നിമിത്തം താമസം വിനാ അദ്ദേഹത്തിന് സർ വാൾട്ടർ റാലി എന്ന പദവി ലഭിച്ച് പ്രഭുസ്ഥാനീയനായി. ഇദ്ദേഹമാണ് ഇംഗ്ലണ്ടിലേക്ക് ആദ്യമായി ഉരുളക്കിഴങ്ങും പുകയിലയും കൊണ്ടുവന്നത്. ഉരുളക്കിഴങ്ങ് ഇംഗ്ലണ്ടിലെ ഭക്ഷ്യ വിഭവങ്ങളിൽ പ്രാധാന്യം നേടിയപ്പോൾ ചുരുട്ടും സിഗരറ്റും അവരുടെ ദേശീയസ്വഭാവമായി. അദ്ദേഹം സമ്പന്നരിൽ സമ്പന്നനായി. ഒരിക്കൽ ഇദ്ദേഹം ചുരുട്ടു വലിക്കുന്നതുകണ്ട് യജമാനനു തീ പിടിച്ചതാണെന്നു കരുതി ഭൃത്യൻ ഒരു ബക്കറ്റു വെള്ളം തലയിൽ ചൊരിഞ്ഞ കഥയും പ്രസിദ്ധമാണ്.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

**‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു**


*സുരേഷൻ അക്കംമഠത്തിൽ*


*പ്രകാശ് പ്രാസ്കോ*


*ഡോ. അഭിലാഷ് ആർ.*

## സുരേഷൻ അക്കംമഠത്തിൽ

വടകര മേപ്പയിൽ സ്വദേശി. സാമൂഹ്യ പ്രവർത്തകൻ. ഇന്ത്യൻ സോഷ്യൽ ക്ലബ്, ഒമാൻ മലയാളം വിംഗിൽ അംഗമാണ്. അംഗങ്ങളുടെയും കുട്ടികളുടെയും സാമൂഹിക ഉന്നമനത്തിനായി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഒമാനിലെ ശ്രീനാരായണീയരുടെ അന്താരാഷ്ട്ര സംഘടനയായ ശ്രീനാരായണ പ്രവാസി സമിതി എന്ന പ്രസ്ഥാനത്തിന് വേണ്ടി പ്രവർത്തിച്ചു.


തുടർന്ന് ഇന്ത്യൻ സയൻസ് ഫോറം ഒമാൻ എന്ന സംഘടനയ്ക്ക് രൂപം നൽകി. ഒമാനിലെ 22 ഇന്ത്യൻ സ്കൂളിൽ പഠിക്കുന്ന 45000 ഇന്ത്യൻസ്കൂൾ വിദ്യാർത്ഥികളെ നെ ശാസ്ത്രീയമായി സാങ്കേതികമായും അഭിരുചിയുള്ളവരാക്കി തീർക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രവ ർത്തിക്കുന്ന ഒരു സംഘടനയാണ് ഇത്. ഈ സംഘടനയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ശ്രീനാരായണ ഗുരുവിന്റെ പേരിൽ ഒരു മെഡിക്കൽ കോളേജ് കേരളത്തിൽ ഉണ്ടാക്കണമെന്ന് ആശയം ഉദിക്കുകയും ഇതിന് വേണ്ടി മസ്ക്കത്തിൽ നിന്ന് സമ ചിന്താഗതിക്കാരയവരെ ഒരുമിപ്പിക്കാനും ഓമാനിൽ നിന്നുള്ള ഫണ്ട് സ്വരൂപിക്കാനും ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയസ് (SNIMS) യഥാർത്യമാക്കുവാനും സാധിച്ചു ചെയ്തു. ഈ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റി, ഡയറക്ടർ ബോർഡ് അംഗം എന്ന നിലകളിലും പ്രവർത്തിച്ചുവരുന്നു. വടകര സൗഹൃദ വേദിയുടെ മുഖ്യരക്ഷാധികാരി എന്ന നിലയിലും പ്രവർത്തിച്ചുവരുന്നു. വടകരയും പ്രാന്ത പ്രദേശങ്ങളിലുമുള്ള ഒമാനിൽ ജോലി ചെയ്യുന്ന ആളുകളേയും അവരുടെ കുടുംബാംഗങ്ങളുടെ കല, സാംസ്കാരികം, വിദ്യാഭ്യാസം സാമ്പത്തികം, ജോലി എന്നിവയിലൊക്കെയുള്ള ഉന്നമനത്തിനായി പ്രവർത്തിച്ചുവരുന്നു.

## പ്രകാശ് പ്രാസ്കോ

വയനാട് മീനങ്ങാടി സ്വദേശി. സാമൂഹ്യ, ജീവകാരുണ്യ പ്രവർത്തകൻ. വയനാട്ടിലും കേരളത്തിൽ ഉടനീളവുമായി ക്യാൻസർ പ്രമേഹം അപകടങ്ങൾ തുടങ്ങി മറ്റു കാരണങ്ങളാൽ കാലുകൾ നഷ്ടപ്പെട്ട ഏകദേശം 1800-ൽ അധികം ആളുകൾക്ക് വിവിധ ട്രസ്റ്റുകളുടെയും സ്പോൺസർമാരുടെയും സഹായത്തോടെ സൗജന്യമായി കൃത്രിമ കൈ കാലുകൾ നൽകി. മാതാപിതാക്കൾ നഷ്ടപ്പെട്ട പഠിക്കാൻ മിടുക്കരായ കുട്ടികളെ വിവിധ ട്രസ്റ്റുകളുടെയും സ്പോൺസർമാരുടെയും സഹായത്തോടെ ബിഎസ്സി നേഴ്സിങ് പഠിപ്പിച്ചു. പലവിധ കാരണങ്ങളാൽ വീടു വിട്ടു പോയവരും ആത്മഹത്യാ പ്രവണത കാണിക്കുന്നതുമായ കുട്ടികളെ സൗജന്യമായി കൗൺസിലിംഗ് നൽകിക്കൊണ്ട് ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്നു. വയനാട്ടിലെ ഉൾകാടുകളിലെയും ഗ്രാമങ്ങളിലെയും ആദിവാസി ഊരുകളിൽ 4000 കിലോയോളം വസ്ത്രങ്ങൾ എത്തിച്ചു നൽകി ഇപ്പോഴും ഈ മേഖലയിൽ സജീവമാണ്. ക്യാൻസർ ബാധിച്ച് തലമുടി നഷ്ടപ്പെട്ട പാവപ്പെട്ട സ്ത്രീകൾക്ക് സൗജന്യമായി വിഗ്ഗ്കളും ബ്രസ്റ്റ് നീക്കം ചെയ്തവർക്ക് ആർട്ടിഫിഷൽ ബ്രസ്റ്റും നൽകിവരുന്നു. ഇതിന്റെ ആവശ്യത്തിലേക്കായി കേശദാന ക്യാമ്പുകൾ നടത്തിവരുന്നു. സർക്കാരിന്റെ ക്ഷേമപെൻഷൻ മാത്രം ആശ്രയിച്ചു ജീവിക്കുന്നവർക്കായി സൗജന്യ നേത്ര പരിശോധന ക്യാമ്പുകൾ നടത്തിവരുന്നു ഇതുവരെ ഏകദേശം 65,000 പേരുടെ കണ്ണുകൾ പരിശോധിച്ചു കഴിഞ്ഞു. കിടപ്പുരോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി അവരുടെ വീടുകളിൽ പോയി സൗജന്യ കൗൺസിലിംഗ് നൽകിവരുന്നു. പഠന വൈകല്യ നിർണ്ണയ ക്യാമ്പുകളും സൗജന്യ കൗൺസിലിംഗ് ക്യാമ്പുകളും നടത്തിവരുന്നു. തെരുവിൽ അന്തി ഉറങ്ങുന്നവർക്കായി കമ്പിളി പുതപ്പ് വിതരണം നടത്തിവരുന്നു. പാലിയേറ്റീവ് ആവശ്യങ്ങൾക്കായുള്ള ഉപകരണങ്ങൾ നൽകുന്നു. വീടില്ലാതെ കഷ്ടപ്പെടുന്ന നിരവധിപേർക്ക് വിവിധ സ്പോൺസർമാരുടെയും ട്രസ്റ്റിന്റെയും സഹായത്തോടെ വീടുകൾ നിർമ്മിച്ചു നൽകി. മരുന്ന് ഭക്ഷണം ഇവയ്ക്ക് ബുദ്ധിമുട്ടുന്നവർക്ക് ഉദാരമതികളെ കണ്ടെത്തി അവർക്ക് ആവശ്യമുള്ള സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു. കോവിഡ് സമയത്തു മീനങ്ങാടി ബത്തേരി കൽപ്പറ്റ എന്നിവിടങ്ങളിലെ തെരുവ് ജീവികൾക്ക് ഭക്ഷണം കൊടുത്തു. വീടുകളിൽ ഉപയോഗിക്കാതെ വച്ചിരിക്കുന്ന മരുന്നുകൾ ശേഖരിച്ചുകൊണ്ട് വിവിധ പാലിയേറ്റീവ് യൂണിറ്റുകൾക്ക് നൽകിക്കൊണ്ടിരിക്കുന്നു.

## ഡോ. അഭിലാഷ് ആർ.

തിരുവനന്തപുരം വള്ളക്കടവ് സ്വദേശി. കഴിഞ്ഞ 15 വർഷമായി കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി സർജൻ. ആദ്യ നിയമനം പത്തനംതിട്ട ജില്ലയിലെ ചിറ്റാർ വെറ്ററിനറി ഡിസ്പെൻസറിയിലായിരുന്നു. തുടർന്ന് മണമ്പൂർ, പെരുങ്കുഴി, നിലവിൽ പുല്ലമ്പാറ വെറ്ററിനറി ഡിസ്പെൻസറികളിൽ സേവനം അനുഷ്ഠിച്ചുവരുന്നു. കിഴക്കൻ മലയോര മേഖലകളിൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനം സന്നദ്ധമായി നടത്തിയിരുന്നു. തിരുവനന്തപുരം ജില്ലയിൽ ആദ്യമായി പക്ഷിപ്പനി (Avian Influenza) റിപ്പോർട്ട് ചെയ്ത വെറ്ററിനറി സർജൻ എന്ന നിലയിൽ രോഗനിർണയം, സാമ്പിൾ ശേഖരണം, രോഗനിയന്ത്രണം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. വെറ്ററിനറി ചികിത്സ കൂടുതൽ ഫലപ്രദമാക്കുന്നതിനും മൃഗങ്ങളുടെ കഷ്ടപ്പാടുകൾ കുറയ്ക്കുന്നതിനുമായി മൂന്ന് ഉപകരണങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ചികിത്സാ പ്രവർത്തനങ്ങൾ എളുപ്പമാക്കുകയും കർഷകരുടെ സമയവും സാമ്പത്തിക ചെലവും ലാഭിക്കുകയും ചെയ്യുന്നു. ഇതിൽ ഒരു ഉപകരണത്തിന് പേറ്റന്റ് /ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വന്യജീവി വകുപ്പിന്റെ ആനകളെ ഡാർട്ട് ചെയ്യുന്നതിനുള്ള ലൈസൻസ് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷമായി തിരുവനന്തപുരം എലിഫന്റ് സ്ക്വാഡിൽ അധിക ചുമതലയായി പ്രവർത്തിച്ചുവരുന്നു. വന്യജീവി സംരക്ഷണത്തിലും മനുഷ്യവന്യജീവി സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിലും സജീവ പങ്കാളിത്തം വഹിക്കുന്നു. അഭിനേതാവു കൂടിയാണ്. ചലച്ചിത്രത്തിൽ അഭിനയിക്കാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. കേരള വെറ്ററിനറി സർജൻസ് സർവീസ് അസോസിയേഷൻ പത്തനംതിട്ട ജില്ലാ സെക്രട്ടറി, ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ ജില്ലാ സെക്രട്ടറി , നിലവിൽ കേരള ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ, നെടുമങ്ങാട് താലൂക്ക് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.


*കെ.കെ.ഷിബു*


*മുൻഷി അയ്യപ്പൻ*


*രതീഷ്കുമാർ വി.*

## കെ.കെ.ഷിബു

തിരുവനന്തപുരം നെയ്യാറ്റിൻകര സ്വദേശി. രാഷ്ട്രീയ പ്രവർത്തകൻ. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ SFI പ്രവർത്തകനായി. SFI തിരുവനന്തപുരം ജില്ലാ കമ്മിറ്റിയംഗം, DYFI നെയ്യാറ്റിൻകര ഏരിയ സെക്രട്ടറി, ജില്ലാ കമ്മിറ്റി അംഗം, CPI(M) ലോക്കൽ കമ്മിറ്റി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. നിലവിൽ CPI(M) ഏര്യാ കമ്മിറ്റി അംഗം. ട്രേഡ് യൂണിയൻ പ്രവർത്തകൻ, മോട്ടോർ തൊഴിലാളി യൂണിയൻ ഏര്യാ സെക്രട്ടറി. 24-ാമത്തെ വയസ്സിൽ പെരുമ്പഴുതൂർ ഗ്രാമ പഞ്ചായത്ത് അംഗം, 2000 മുതൽ തുടർച്ചയായി നെയ്യാറ്റിൻകര നഗരസഭ കൗൺസിലർ. ഇപ്പോഴും കൗൺസിറായി തുടരുന്നു. നഗരസഭയുടെ വൈസ് ചെയർമാൻ, വികസന സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിലവിൽ വീണ്ടും നഗരസഭയുടെ വൈസ് ചെയർമാനായി പ്രവർത്തിക്കുന്നു. കൂടാതെ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഗ്രന്ഥശാല പ്രസിഡന്റ്, ഗവ. HSSPTA പ്രസിഡന്റ്, SMC ചെയർമാൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഭാരവാഹി എന്നീ രംഗങ്ങളിൽ വിപുലമായപ്രവർത്തനം നടത്തുന്നു.

## മുൻഷി അയ്യപ്പൻ

തിരുവനന്തപുരം കരമന സ്വദേശി. നാലാം വയസുമുതൽ നാട്ടിൽ അരങ്ങേറിയ നിരവധി നാടകങ്ങളിൽ ബാലതാരമായി വേഷം ചെയ്തു. തുടർന്ന് തിരുവാതിരക്കളിഅഭ്യസിച്ചു. ഏഴാംതരത്തിൽ പഠിക്കുമ്പോൾ തന്നെ നാടക രചന ആരംഭിച്ചു. 19 നാടകങ്ങൾ രചിച്ചിട്ടുണ്ട്. എല്ലാ നാടകങ്ങളും മത്സര വേദികളിലും അമചർ നാടക വേദികളിലും തിളങ്ങിയിട്ടുണ്ട്. 1970 മുതൽ നടന കലാനിധി ഡോ ഗുരു ഗോപിനാഥിന്റെ ശിക്ഷണത്തിൽ നൃത്തം അഭ്യസിച്ചു. ഗുരുജി സംവിധാനം ചെയ്ത രാമായണം ബാലെയിൽ വേഷം ചെയ്തു. 1998 മുതൽ 2021 വരെ ഏഷ്യാനെറ്റിലെ ‘മുൻഷി’ എന്ന ടെലി സ്ട്രിപ്പിൽ പ്രധാന വേഷം ചെയ്തു. തുടർന്ന് മുൻഷി അയ്യപ്പൻ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. തിരുവനന്തപുരത്തെ വിവിധ കലാസമിതികൾക്കായി ഇരുപതിൽപരം ബാലെകൾ സംവിധാനം ചെയ്തിട്ടുണ്ട്. 20 ബാലെകളിൽ വേഷം ചെയ്തു. ഒരു പ്രൊഫഷണൽ നാടകം ഉൾപ്പെടെ മുന്നൂറോളം നാടകങ്ങൾ സംവിധാനം ചെയ്തു. അഞ്ഞൂറോളം നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. മൂന്നു സമിതികൾക്കായി ‘നൃത്ത നാടക കഥാപ്രസംഗം’ എഴുതിയിട്ടുണ്ട് . സിനിമകളിലും സീരിയലുകളിലും വേഷം ചെയ്തു. 1976 മുതൽ ശ്രീ കാവാലം നാരായണ പണിക്കരുടെ സോപാനം നാടക കളരിയിൽ സംസ്കൃതം, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അഭിനയിച്ചു. കേരളത്തിനകത്തും വിദേശത്തുമായി നിരവധി ഇന്റർ നാഷണൽ ഫെസ്റ്റിവലുകളിൽ നാടകം അഭിനയിച്ചിട്ടുണ്ട് . സോപാനത്തിൽ ഇപ്പോഴും തുടരുന്നു.

## രതീഷ്കുമാർ വി.

തിരുവനന്തപുരം പേയാട് സ്വദേശി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വർഷങ്ങളായി സജീവമായി പ്രവർത്തിക്കുന്നു. ഇജങ്ങ പേയാട് ബ്രാഞ്ച് സെക്രട്ടറി, ഇകഠഡ പേയാട് മേഖല സെക്രട്ടറി, വിളപ്പിൽ ഇകഠഡഏര്യ കമ്മിറ്റി അംഗം, ഓട്ടോ & ടാക്സി ലൈറ്റ് മോട്ടോർ വർക്കേഴ്സ് (ഇകഠഡ) വിളപ്പിൽ ഏരിയ സെക്രട്ടറി, യൂണിയൻ ജില്ല കമ്മിറ്റി അംഗം, സംസ്ഥാന കൗൺസിൽ അംഗം, ഓൾ ഇന്ത്യ ട്രാൻസ്പോർട്ട് യൂണിയൻ ഇകഠഡ കൗൺസിൽ അംഗം, പേയാട് സൗഹൃദ വേദി കലാ സാംസ്കാരിക കൂട്ടായ്മയിൽ വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. എന്നാൽ ഈ അടുത്തിടെ പേയാട് കാവടിക്കടവ് ആറ്റിൽ ഒഴുക്കിൽപെട്ടുപോയ പാങ്ങോട് സൈനിക ക്യാമ്പിലെ നാല് സൈനികരിൽ മൂന്നുപേരെ സാഹസികമായി രക്ഷപ്പെടുത്തി. കോഴിക്കോട് സ്വദേശി ആയ സുജിത്ത് എന്ന സൈനികനെ കണ്ടെത്താൻ സാധിച്ചിരുന്നില്ല. 21 പേർ മരണപ്പെട്ട കുത്തൊഴുക്കിൽ ഇറങ്ങേണ്ടി വരുന്നത് ഇത് ആദ്യമായിട്ടല്ല. ആലപ്പുഴ സ്വദേശികളായ അച്ഛനും 14 വയസ്സുള്ള മകനും ഒഴുക്കിൽ ഒറ്റപ്പെട്ട് നിന്നപ്പോൾ മേൽപ്പറഞ്ഞ രീതിയിൽ ജീവൻ പണയം വച്ച് അവരെ കരയിൽ എത്തിച്ചിരുന്നു. ഒരു വർഷത്തിനിടയിൽ ഒൻപത് ജീവൻ കൈകൊടുത്തു കരയ്ക്ക് എത്തിച്ചിട്ടുണ്ട്. കൂടാതെ വിളപ്പിൽ പഞ്ചായത്തിലെ നിർധനരായ കിടപ്പു രോഗികൾക്ക് ഉപകരണങ്ങൾ ഇപ്പോഴുംഎത്തിച്ചു കൊടുക്കുന്നുണ്ട്. കോവിഡ് നിരീക്ഷണ കേന്ദ്രമായിരുന്ന ഇഎംഎസ് അക്കാദമി, സി ഇ റ്റി കോളേജ് തിന വിള എന്നീയി കോവിഡ് നിരീക്ഷണ സെന്ററുകളിൽ ഏഴു മാസത്തോളം സ്വന്തം വീട് വരെ ഉപേക്ഷിച്ചു വളന്റിയറായും പ്രവർത്തിച്ചിരുന്നു. കമ്മ്യൂണിറ്റി കിച്ചനിലും, സർക്കാർ വിതരണം ചെയ്ത സൗജന്യ ഭക്ഷ്യ കിറ്റുകൾ നിറയ്ക്കുവാനും ഉപഭോക്തക്കളുടെ കൈകളിൽ എത്തിക്കുവാനും മാസങ്ങളോളം പ്രവർത്തിച്ചു. കോവിഡ് സന്നദ്ധ പ്രവർത്തകനായിരിക്കെ ഓട്ടോ കൂലിയിൽ മിച്ചം പിടിച്ച 6580/ രൂപ മുഖ്യമന്ത്രിയുടെ വാക്സിൻ ചലഞ്ചിലേക്കുംകൈമാറിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സാമൂഹികക്ഷേമ കാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അസോസിയേഷനുകളുടെയും വിവിധ സംഘടനകളുടെയും ആദരവുകൾ ഏറ്റുവാങ്ങിയിട്ടുണ്ട്.


*കാഥികൻ മാവേലിക്കര ചന്ദ്രദാസ്*


*ബിനോയ് കുഞ്ഞുമോൻ*


*ബിനു കൂട്ടിക്കട*

## കാഥികൻ മാവേലിക്കര ചന്ദ്രദാസ്

ആലപ്പുഴ ചെങ്ങന്നൂർ സ്വദേശി. കാഥികൻ 1998 -ൽ കേന്ദ്രസർക്കാരിനു വേണ്ടി ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗിന്റെ കീഴിൽ ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന സോങ്ങ് & ഡ്രാമ ഡിവിഷനുവേണ്ടി എയ്ഡ്സ് ബോധവൽക്കരണ കഥാപ്രസംഗം പരിപാടി കേരളത്തിലെ എല്ലാ ജില്ലകളിലും നടത്തി . തുടർന്ന് ആകാശവാണിയിലൂടെ കാർഷികമേഖലയുമായി ബന്ധപ്പെട്ട കഥാപ്രസംഗം അവതരിപ്പിച്ചു. ഇപ്പോഴും ആകാശവാണിയിൽ കഥാപ്രസംഗം അവതരിപ്പിക്കുന്നു. കേരളത്തിലെ പല പ്രമുഖ ഹയർ സെക്കണ്ടറി സ്കൂളുകളിലും 10-ാം ക്ലാസുമുതൽ പ്ലസ്ടൂ വരെയുള്ള അനേകം കുട്ടികളെ കഥാപ്രസംഗം പഠിപ്പിച്ചിട്ടുണ്ട്. മൂന്ന് ദേശീയഅവാർഡുകളും ഒരു ദക്ഷിണേന്ത്യൻ അവാർഡും ലഭിച്ചിട്ടുണ്ട്. 2012 ൽ അംബേദ്ക്കർ നാഷണൽ അവാർഡ് , 2013 ൽ ഭഗവാൻ ശ്രീബുദ്ധ നാഷണൽ അവാർഡ്, 2015 -ൽ കന്യാകുമാരി വിവേകാനന്ദകേന്ദ്രയിൽ നിന്നും അയ്യൻകാളി അവാർഡ് 2017 -ൽ ഫൂലെ നാഷണൽ അവാർഡ്. എന്നിവ ലഭിച്ചു. അവാർഡ് സർട്ടിഫിക്കേറ്റുകൾ, ആകാശവാണിയുടെ സർട്ടിഫിക്കേറ്റ്, കേരള ഗവ. സർട്ടിഫിക്കറ്റ് എന്നിവ കരസ്ഥമാക്കിയിട്ടുണ്ട് യുവ തലമുറയുടെ മയക്കുമരുന്ന് ആസക്തിക്കെതിരെ ഇന്നത്തെ തലമുറയ്ക്കും വരും തലമുറയ്ക്കും നല്ല ഒരു സന്ദേശം കൊടുത്തുകൊണ്ടുള്ള ബോധവത്കരണ കഥാപ്രസംഗം ഇപ്പോൾ അവതരിപ്പിക്കുന്നു. 80 -ൽപ്പരം ശിഷ്യർ കഥാപ്രസംഗ രംഗത്ത് ഉണ്ട്. പുതിയ കഥ യുഗപ്രവാചകൻ ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണ ജീവചരിത്രം ആണ്. ഭാരതീയമനുഷ്യാവകാശകമ്മീഷന്റെ ആലപ്പുഴ ജില്ല സെക്രട്ടറിയായി പ്രവർത്തിക്കുന്നു. സാമൂഹ്യപ്രവർത്തനവും രാഷ്ട്രീയപ്രവർത്തനവും ഉണ്ട് ഹാർമ്മോണിയം, തബല, മൃദംഗം, ഗഞ്ചിറ, ജ്പ്സി, സിംബൽ, ഓടക്കുഴൽ, മുഖർശംഖ്, തുടങ്ങിയ സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവുമുണ്ട്.

## ബിനോയ് കുഞ്ഞുമോൻ

കൊല്ലം പത്തനാപുരം സ്വദേശി. കഴിഞ്ഞ 25 വർഷത്തിൽ അധികമായി വിവിധ ടെലിവിഷൻ ചാനലുകളിൽ പ്രവർത്തിച്ചു വരികയാണ്. മുഖ്യധാര മാധ്യമങ്ങളിൽ കുറ്റാന്വേഷണ പരിപാടികളാണ് ഏറെ അവതരിപ്പിച്ചിരിക്കുന്നത്. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ആയിരത്തിൽ അധികം വ്യക്തികളെ അഭിമുഖം ചെയ്യാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. സിനിമ, രാഷ്ട്രീയ, സാമൂഹിക മേഖലകളിൽ നിന്നുള്ളവരാണ് ഏറെയും. ഹരിത കേരളം എന്ന പേരിലുള്ള മികച്ച കാർഷിക പ്രോഗ്രാമിനുള്ള സംസഥാന അവാർഡ് ലഭിക്കുകയുണ്ടായി. ഇപ്പോൾ ശ്രദ്ധ നേടിയിരിക്കുന്നത് സമൂഹത്തിലെ അന്ധ വിശ്വാസങ്ങൾക്ക് എതിരെ പോരാടുന്ന വ്യക്തി എന്ന നിലയിലാണ്. ഇന്ത്യയിൽ ഉടനീളം നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾ സമൂഹ മധ്യത്തിൽ എത്തിച്ചു ജനങ്ങളെ ബോധ വത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദൈവത്തിന്റെ പേരിൽ മനുഷ്യർ മനുഷ്യനെ തന്നെ ചൂഷണം ചെയ്യുന്ന കാര്യങ്ങൾ Master Brain 2.0 എന്ന സോഷ്യൽ മീഡിയ മാധ്യമം വഴി പുറത്തു കൊണ്ട് വന്നിട്ടുണ്ട്. നിരവധി കുടുംബങ്ങളെ/വ്യക്തികളെ ഇത്തരം പല അനാചാരങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആത്മഹത്യയുടെ വക്കിൽ എത്തിയവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ട് വരാൻ കഴിഞ്ഞു. അന്ധവിശ്വാസങ്ങളെ അടിസ്ഥാനമാക്കിയ 500 -ന് മുകളിൽ പ്രോഗ്രാമുകളാണ് ഇത് വരെ ചെയ്തിരിക്കുന്നത്.. കേരള സ്റ്റേറ്റ് അവാർഡ്, കേരള ഫിലിം ഓഡിയൻസ് കൗൺസിൽ അവാർഡ്, നാഷണൽ ചൈൽഡ് ഡെവലപ്മെന്റ് കൗൺസിൽ അവാർഡ്, തുടങ്ങി ഒട്ടേറെ സന്നദ്ധ സംഘടനകളുടെ അവാർഡുകൾ ലഭിക്കുകയുണ്ടായി.

## ബിനു കൂട്ടിക്കട


കൊല്ലം കൂട്ടിക്കട സ്വദേശി. സംവിധായകൻ. ഈ വർഷം ആഗസ്റ്റ് മാസം ഓണം ചിത്രമായി റിലീസിന് തയ്യാറെടുക്കുന്ന ഫേസ് ഓഫ് എന്ന സിനിമയുടെ കഥ, തിരക്കഥ, സംഭാഷണം, സംവിധാനം നിർവഹിച്ചു. 2025 ൽ പുറത്തിറങ്ങിയ അമോസ് അലക്സാണ്ടർ സിനിമയിൽ പ്രവർത്തിച്ചു. സഹ സംവിധായകൻ, നടൻ എന്നീ മേഖലയിൽ പ്രവർത്തിച്ചു. ആട്ടം (ടെലിഫിലിം 2022) ചീഫ് അസോസിയേറ്റ് ഡയറക്ടർ ആയി പ്രവർത്തിച്ചു. ഫാമിലികളിൽ നിരന്തരം സംഭവിക്കുന്ന നിസ്സാര കാര്യങ്ങളെ വലിയ വിഷയമാക്കി മാറ്റിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ സിനിമ പ്രതിപാദിച്ചു. ടോസ് ആൻഡ് ലോസ്സ് ഷോർട്ട് ഫിലിമിന്റെ ഡയറക്ടർ ആയി പ്രവർത്തിച്ചു. ആധുനിക ലോകത്തെ നന്മ തിന്മയെ പ്രതിപാദിച്ച ഹ്രസ്വ സിനിമ നിരൂപക പ്രശംസ പിടിച്ച് പറ്റി. നപ്പോളിയൻ( ഹ്രസ്വ സിനിമ,2013) തിരക്കഥ രചിച്ചു സംവിധാനം ചെയ്തു. ഭരതൻ മെമ്മോറിയൽ ഇന്റർനാഷണൽ ഷോർട് ഫിലിം ഫെസ്റ്റിവലിൽ മികച്ച സംവിധായകനുള്ള പുരസ്കാരം ലഭിച്ചു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



എസ്. ആർ.കെ.പിള്ള (രാമകൃഷ്ണപിള്ള)



സബീഷ് ജോർജ്ജ്



ഡോ. ഗണേഷ് ബാബു



എം.ചന്ദ്രപ്രകാശ്

## എസ്. ആർ.കെ.പിള്ള (രാമകൃഷ്ണപിള്ള)

കൊല്ലം ചവറ സ്വദേശി. സ്റ്റീൽ പ്ലാന്റിൽ ടൈം കീപ്പർആയി ജോലി ആരംഭിച്ച ശേഷം സ്റ്റോക്ക് ടേക്കർ ആയി 1995- ൽ വിരമിച്ചു. മൂന്നുവർഷം കൂടുമ്പോഴുള്ള ട്രേഡ് യൂണിയൻ രംഗത്തെ തെരഞ്ഞെടുപ്പിൽ ഐ.എൻ.ടി.യു.സിഭാരവാഹിയായി ഒമ്പത് തവണ തെരഞ്ഞെടുക്കപ്പെട്ടു. പ്ലാന്റിലെ ഐ.എൻ.ടി.യു.സി. കാർട്ടേഴ്സ് അലോട്ട്മെൻറ് കമ്മിറ്റി മെമ്പർ, അഡൈ്വസ് കമ്മിറ്റി മെമ്പർ, പ്രൊഡക്ഷൻ അഡൈ്വസറി കമ്മിറ്റി മെമ്പർ, സേഫ്റ്റി അഡൈ്വസറി കമ്മിറ്റി മെമ്പർ, വെൽഫെയർ അഡൈ്വസറി കമ്മിറ്റി മെമ്പർ എന്നീ മേഖലകളിൽ പ്രവർത്തിച്ചു. ഭിലായ് സ്റ്റീൽ പ്ലാന്റിലെ നല്ല വർക്കർക്കുള്ള നെഹ്റു അവാർഡും സർവീസ് കാലഘട്ടത്തിൽ ഒരു ലീവ് പോലും എടുക്കാതെയുള്ള ജോലിക്കാരൻ എന്നുള്ളതിന് പ്ലാൻറ് മാനേജ്മെൻറ് നൽകുന്ന അവാർഡും കരസ്ഥമാക്കി. എൻ.എസ്.എസ്. ചവറ,കളരി കരയോഗം പ്രസിഡൻറ്, എൻ.എസ്.എസ്. കരുനാഗപ്പള്ളി താലൂക്ക്, എൻ.എസ്.എസ്. ചങ്ങനാശ്ശേരി വാർഡ് പ്രതിനിധി, കളരിവാർഡ് കോൺഗ്രസ് പ്രസിഡൻറ്, ഡി.ഐ. സി. ചവറ മണ്ഡലം പ്രസിഡൻറ്, എൻ. സി. പി. ചവറ ബ്ലോക്ക് പ്രസിഡണ്ട്, കരുനാഗപ്പള്ളി താലൂക്ക് ഫുഡ് അഡൈ്വസറി കമ്മിറ്റി മെമ്പർ, ചവറ ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റി മെമ്പർ, പന്മന പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് മെമ്പർ, ചവറ ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് മെമ്പർ, കൊല്ലം ജില്ല പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർമാൻ, കരുനാഗപ്പള്ളി കൺസ്യൂമർ ഫോറം കമ്മിറ്റി മെമ്പർ, ചവറ പോലീസ് സ്റ്റേഷൻ ജനമൈത്രി ജാഗരൺ സമിതി മെമ്പർ, രാമൻകുളങ്ങര ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റായി കഴിഞ്ഞ 25 വർഷമായി പ്രവർത്തിക്കുന്നു. നിലവിൽ കരുനാഗപ്പള്ളി താലൂക്ക് ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡൻറ്, പന്മന ആശ്രമം എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ വൈ.എം.എ. ചവറ വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിക്കുന്നു. വിവിധ സാംസ്കാരിക സംഘടനകൾ കൂടാതെ ഫ്രണ്ട്സ് തരംഗം ചവറ കലാ സാഹിത്യ സാംസ്കാരിക സംഘടനയുടെ രക്ഷാധികാരിയായി പ്രവർത്തിച്ചുവരുന്നു. പച്ചക്കറി കൃഷിയിലും ചെടികളുടെ പരിപാലനത്തിലും പത്നിയോടൊപ്പം അതീവ താല്പര്യത്തോടെ പങ്കെടുത്തുവരുന്നു. സ്വന്തമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴ വർഗ്ഗങ്ങളുമാണ് ഭക്ഷണത്തിനായ് ഉപയോഗിക്കുന്നത്.

## സബീഷ് ജോർജ്ജ്

പാലാരിവട്ടം കൊച്ചിൻ സ്വദേശി. നിരവധി മലയാളം തമിഴ് സിനിമകളുടെ സംഗീതസംവിധായകനും ഗാന രചയിതാവുമാണ്. മലയാളികളുടെ മനംകവർന്ന “ഓണപാട്ടിൻ താളം തുള്ളും തുമ്പപ്പൂവേ” എന്ന അതി മനോഹരഗാനത്തിന്റെ ശിൽപ്പി. സംഗീത സംവിധാനത്തിലൂടെ സിനിമ ലോകത്തിലെയും സംഗീതമേഖലയിലേയും നിരവധി പ്രഗത്ഭരുമായി ചേർന്ന് പ്രവർത്തിച്ചു. ചില ഗാനങ്ങളുടെ സൃഷ്ടി അസാധാരണമായ റിസ്റ്റിക് പൈതൃകത്തെ പ്രതിഫലിപ്പിക്കുന്നു.

## ഡോ. ഗണേഷ് ബാബു

വർക്കല സ്വദേശി. കേരള സർക്കാരിന്റെ ഐ.എസ്.എം വകുപ്പിൽ വിവിധ തസ്തികകളിൽ 30 വർഷത്തോളം ജോലി ചെയ്യുകയും ചീഫ് മെഡിക്കൽ ഓഫീസറായി വിരമിക്കുകയും ചെയ്തു. വ്യക്തിയാണ്. ഔദ്യോഗിക ജോലിക്ക് പുറമേ 2003 മുതൽ അദ്ദേഹം വർക്കല റോട്ടറി ക്ലബിലെ ഒരു സജീവ അംഗമാണ്. ക്ലബിൽ പ്രസിഡന്റായും സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. ഈ പദവികളിലൂടെ ക്ലബിന്റെ സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ വലിയ പങ്കുവഹിച്ചു. പാവപ്പെട്ടവർക്കും സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്കും ചികിത്സ എത്തിക്കുന്നതിനായി നടത്തിയ നിരവധി മെഡിക്കൽ ക്യാമ്പുകളിൽ സജീവമായി പങ്കാളിത്തം വഹിച്ചിട്ടുണ്ട്. വർക്കല ശിവഗിരിയിൽ നടത്തിവരുന്ന നിരവധി മെഡിക്കൽ ക്യാമ്പുകളിലും ഒട്ടനേകം ചികിത്സ കിട്ടാൻ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വൈദ്യസഹായവും ആരോഗ്യ അറിവുകളും എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## എം.ചന്ദ്രപ്രകാശ്

കാസർകോഡ് മുളിയാർ സ്വദേശി. കുട്ടികളുടെ മാസികയായ പൂമ്പാറ്റയുടെ എഡിറ്ററായിരുന്നു. മിഡിൽ ഈസ്റ്റിലെ റാസൽ ഖൈമ ഇന്ത്യൻ ഹയർസെക്കന്ററി സ്കൂളിൽ പത്ത് വർഷം അദ്ധ്യാപകൻ. റാസൽ ഖൈമ മലയാളം റേഡിയോയിൽ വാർത്താ അവതാരകനും പരിപാടികളുടെ പ്രൊഡ്യൂസറും ആയിരുന്നു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എഡിറ്റർ, കേരള സർക്കാരിന്റെ മലയാളം മിഷനിൽ ഫാക്ക ൽറ്റിയും പൂക്കാലം വെബ് മാസികയുടെ എഡിറ്ററുമായിരുന്നു. സർക്കാർ നിയന്ത്രണത്തിലുള്ള വിക്ടേഴ്സ് ചാനലിൽ സീനിയർ പ്രൊഡ്യൂസർ, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ തളിർ മാസികയിലും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാരംഗം മാസികയിലും പത്രാധിക സമിതിയി ൽ അംഗമായിരുന്നു. കേരള ചലച്ചിത്ര അക്കാദമിയിലും സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലും ഭരണ സമിതി അംഗമായി പ്രവർത്തിച്ചു. നോവൽ, കഥ, കവിത, വൈജ്ഞാനിക സാഹിത്യം, വിവർത്തനം, ബാലസാഹിത്യം തുടങ്ങിയ മേഖലകളിൽ മുപ്പത്തേഴിൽ പരം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കീഴിലുള്ള ഫിലിം നിർമ്മാണ പാനലിലും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ടെക്നോളജിയുടെ പ്രൊഡക്ഷൻ പാനലിലും അംഗമായിരുന്നു. മുപ്പതിൽപ്പരം ഡോക്കു മെന്ററിയും അഞ്ചോളം ലഘു ചിത്രങ്ങളും എഴുതി സംവിധാനം ചെയ്തു. ഡോക്ടർ കെ. അയ്യപ്പപ്പണിക്കർ, മാധവിക്കുട്ടി, ഒ.വി.വിജയൻ തുടങ്ങിയവരെക്കുറിച്ചുള്ള ഡോക്കുമെന്ററികൾക്ക് ദേശീയ - സംസ്ഥാന അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. സത്യജിത് റേയുടെ ഫെലൂദ കഥകളുടെ വിവർത്തനത്തിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എം.പി. കുമാരൻ അവാർഡും കേരള സാഹിത്യ അക്കാദമിയുടെ എൻഡോവ്മെന്റ് പുരസ്കാരവും സമഗ്ര സാഹിത്യ സംഭാവനയ്ക്ക് സുകുമാർ അഴീക്കോട് സ്മാരക പുരസ്കാരവും ജി. അരവിന്ദനെക്കുറിച്ചുള്ള ജീവചരിത്ര ഗ്രന്ഥത്തിന് തിക്കുറിശ്ശി സ്മാരക പുരസ്കാരവും ലഭിച്ചു. 2025 ലെ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരാഖ്യാനത്തിനുള്ള അവാർഡും ലഭിച്ചിട്ടുണ്ട്.


മിഥുൻ സി സേനൻ



അരുൺ നിട്ടൂരാൻ.



പാലത്തറ കൃഷ്ണകുമാർ


അരുൺകുമാർ ആർ

## മിഥുൻ സി സേനൻ

കൊല്ലം വെസ്റ്റ് കല്ലട സ്വദേശി. കഴിഞ്ഞ 21 വർഷങ്ങളായി സംഗീത രംഗത്ത് പുല്ലാംൻകുഴൽ വാദകനായി തുടരുന്നു. പത്താം ക്ലാസ്സിൽ പഠിക്കുന്ന സമയം മുതൽ പുല്ലാംകുഴൽ അഭ്യസിച്ചു തുടങ്ങി, തുടർന്ന് ഹയർ സെക്കന്ററി പഠന കാലത്ത് സംസ്ഥാന കലോത്സവം വരെ പങ്കെടുക്കാൻ ഉള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ലീല റിസോർട്ടിലും മറ്റു പല റിസോർട്ടുകളിലും ആയി പുല്ലാംകുഴൽ കച്ചേരി നടത്തുന്നു. കൂടാതെ നിരവധി ഭക്തിഗാനമേളകളിൽ ഓർകെസ്ട്രയുടെ ഭാഗമാകാനും അവസരം ലഭിച്ചു. ചെട്ടികുളങ്ങര ക്ഷേത്രാചാര കലയായ കുത്തിയോട്ട ചുവടും പാട്ടും എന്ന ആചാര കലയിലെ ഓർകെസ്ട്രയുടെ ഭാഗമാണ്. കൂടാതെ പർപ്പിൾ പേൾ എന്ന പേരിൽ ഒരു മ്യൂസിക് ബാൻഡ് സംരംഭത്തിന് തുടക്കം കുറിച്ചു. റെക്കോർഡിങ് സ്റ്റുഡിയോയിൽ ആൽബം സോങ്സ്, നാടക ഗാനങ്ങൾ, ഭക്തി ഗാനങ്ങൾ തുടങ്ങിയവക്ക് പുല്ലാംകുഴലിലൂടെ ബീജിയം വായിക്കുന്നു. ടീവി ചാനലിലെ പരിപാടിയിൽ പങ്കെടുത്തു. പുല്ലാംകുഴൽ സോളോ പ്രോഗ്രാമുകൾ ചെയ്യുന്നതിന്റെ ഭാഗമായി സംഗീത നാടക അക്കാദമിയുടെ അവാർഡ് , കേരള മ്യൂസിക് ബേർഡ്സ് മ്യൂസിക് ഗ്രൂപ്പ്, നാദതരംഗിണി സംഗീത കൂട്ടായ്മ, പഴങ്ങാലം ഗവൺമെന്റ് ഹൈസ്കൂൾ, സംസ്കാര സാഹിതി ചാത്തന്നൂർ, അയ്യപ്പ സേവാ സമിതി, മൈനാഗപ്പള്ളി, തുടങ്ങിയ പ്രസ്ഥാനങ്ങളിൽ നിന്നും ആദരവ് ലഭിച്ചിട്ടുണ്ട്, കൂടാതെ ഡാൻസ് ഡ്രാമ ആർടിസ്റ്റ് ആന്റ് ടെക്നിഷ്യൻസ് അസോസിയേഷന്റെ യുവപ്രതിഭ, കലാപ്രതിഭ പുരസ്കാരത്തിന് അർഹനായി. ഇന്ന് പുല്ലാംകുഴൽ പഠിക്കാനായി ഓൺലൈൻ ആയും നേരിട്ടും അൻപതിൽ പരം ശിഷ്യഗണങ്ങൾ ഉണ്ട്. കഴിഞ്ഞ നാല് വർഷ കാലമായി തിരുവനന്തപുരം ട്രാക്ക്സ് എന്ന പ്രൊഫഷണൽ ഗാനമേളയിൽ പുല്ലാംകുഴൽ വാദകനായി തുടരുന്നു.

## അരുൺ നിട്ടൂരാൻ.

വടകര നിട്ടൂർ സ്വദേശി. 17 വയസ്സ് മുതൽ ഭക്തിഗാന രചന നടത്തിവരുന്നു. ആദ്യ ആൽബം ‘പ്രശാന്തം’ കോഴിക്കോട് ആകാശവാണിയിലും, നിരവധി ടി.വി ചാനലുകളിലും പ്രക്ഷേപണം നടത്തുകയുണ്ടായി. കടത്തനാടൻ ഐതിഹ്യത്തെക്കുറിച്ചെഴുതിയ ഗാനം പത്രമാധ്യമങ്ങളിലും നവമാധ്യമങ്ങളിലും ഏറെ ശ്രദ്ധിക്കപ്പെട്ടു. 2026ൽ പുറത്തിറക്കിയ ‘ഈ തണലിൽ’ എന്ന ലഹരി വിരുദ്ധ സന്ദേശം ഉയർത്തുന്ന സംഗീത ആൽബം ചെയ്തു. സൗദി അറേബ്യയിലെ കാവ്യാലാപനത്തിന് മലയാളി കൂട്ടായ്മയുടെ പ്രശസ്തി പത്രവും കാഷ് അവാർഡും ലഭിക്കുകയുണ്ടായി. കുറ്റ്യാടി നിട്ടൂർ കോറോത്ത്ചാലിൽ പരദേവതാ ക്ഷേത്രം കമ്മിറ്റി ഭക്തിഗാന രചനയ്ക്ക് ആദരവ് നൽകി അനുമോദിച്ചു. നിരവധി വായനശാലാ സാംസ്കാരിക വേദികളിൽ കവിതാലാപനവും പ്രഭാഷണവും നടത്തുന്നു. ശ്രീ. മൂകാബിംക ദേവി ഭക്തിഗാനം, വസൂരിമാല ഭഗവതി ഭക്തിഗാനം എന്നിവയും രചിച്ചു. പ്രണയാഞ്ചലി എന്ന ആൽബം ചെയ്തു. വടകര കടത്തനാട് കലാക്ഷേത്രം ട്രസ്റ്റിന്റെ ചെയർമാൻ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനം, വായനശാല പ്രവർത്തനം തുടങ്ങി കലാ-സാംസ്കാരിക മേഘലകളിൽ ഇപ്പോൾ സജീവമായി നിലകൊള്ളുന്നു.

## പാലത്തറ കൃഷ്ണകുമാർ

കൊല്ലം തട്ടാമല സ്വദേശി, സ്കൂൾ പഠനകാലം മുതൽ കൈയെഴുത്തു മാസികയിലൂടെ ചെറുകഥകളും കൊച്ചു കൊച്ചു കവിതകളും എഴുതി നിരവധി ആനുകാലികങ്ങളിൽ 37 വർഷമായി രചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ആനുകാലികത്തിൽ ബാല്യ കാലത്തു ഒരു നോവൽ പ്രസിദ്ധീകരിച്ചതോടെയാണ് ശ്രദ്ധേയമായത്. മാസികയുടെ പത്രാധിപരായി പ്രവർത്തിച്ചിട്ടുണ്ട്. ശ്രീനാരയണ സ്റ്റഡി സർക്കിൾ, കേരള കാവ്യ തരംഗിണി, ഫ്രണ്ട്സ് തരംഗം ചവറ എന്നീ സംഘടനകളുടെ സ്നേഹാദരവുകളും സർഗ്ഗവേദി ഗ്രാമം മാസിക തുടങ്ങി ഒട്ടനവധി പുരസ്ക്കാരങ്ങൾ കവിതകൾക്ക് ലഭിച്ചു ചെറുകഥകൾ ചേർത്തു സ്വാന്തനം എന്ന കഥാസമാഹാര പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഫ്രണ്ട്സ് തരംഗം ചവറ സാംസ്ക്കാരിക കലാ സാഹിത്യ വേദി അംഗമായി പ്രവർത്തിക്കുന്നു കൊല്ലത്തു നടക്കുന്ന കവിയരങ്ങുകളിലും സാംസ്കാരിക സമ്മേളനങ്ങളിലും സജീവ സാന്നിദ്ധ്യം. പ്രകൃതിയെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതകളെക്കുറിച്ചും കവിതകളിലൂടെ ബോധവൽക്കരണം നടത്തുന്നു ഒഴിവുവേളകളിൽ കൃഷിയിലൂടെ വിഷമില്ലാത്ത കാർഷിക വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നു.

## അരുൺകുമാർ ആർ

കോട്ടയം കൂരോപ്പട സ്വദേശി. പത്ര പ്രവർത്തകൻ, സാഹിത്യകാരൻ, രാഷ്ട്രീയ പ്രവർത്തകൻ. ദീപിക പത്രത്തിൽ സബ് എഡിറ്ററായി പ്രവർത്തിച്ചു, വീക്ഷണം പത്രത്തിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. ബസേലിയസ് കോളേജ് യൂണിവേഴ്സിറ്റി യൂണിയൻ കൺസിലർ, ഭാരതീയ വിദ്യാഭവൻ മാഗസിൻ എഡിറ്റർ, മാതൃഭൂമി സ്റ്റഡി സർക്കിൾ ജില്ലാ ഓർഗനൈസർ, ഡിഐസി(കെ) കെ.എസ്.യു സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയത്തിന്റെയും മനുഷ്യാവബോധത്തിന്റെയും ആഴങ്ങളെ കുറിച്ചുള്ള ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. കലാനിധി സെന്റർ ഫോർ ഇന്ത്യൻ ആർട്സ് ആൻഡ് കൾച്ചറൽ ഹെറിറ്റേജ് ഏർപ്പെടുത്തിയ വൈലോപ്പിള്ളി ശ്രേഷ്ഠ സാഹിത്യ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 18 വർഷം ഇൻഷ്വറൻസ് മേഖലയിൽ സീനിയർ മാനേജർ. ഇപ്പോൾ ബാംഗ്ലൂർ ആസ്ഥാനമായ EXDAQ Manufacturing LLPയുടെ ബിസിനസ് എന്റർപ്രണർ.



രാജ് കുമാർ കുടപ്പനക്കുന്ന്


രാജേഷ് കീച്ചേരി



സുധർമ്മ പ്രഭുകുമാർ കോഴിക്കോട്

## രാജ് കുമാർ കുടപ്പനക്കുന്ന്

തിരുവനന്തപുരം വള്ളക്കടവ് സ്വദേശി. ധാരാളം മാദ്ധ്യമങ്ങളിലും സർവീസ്, സാഹിത്യ സംഘം എന്നിവയിലും കവിതകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1983 മുതൽ 1986 വരെ പാളയം വിവകാനന്ദ കോളനിയിൽ വയോജനവിദ്യാഭ്യാസ സെന്റർ നടത്തി. 1987-ൽ ഗ്രന്ഥശാല സംഘം മേധാവിയും സാക്ഷരതാ പ്രചാരകനുമായ പി.എൻ.പണിക്കരുടെ നിർദേശപ്രകാരം കുടപ്പനക്കുന്ന് വി.പി.തമ്പി സ്മാരക ഗ്രന്ഥശാലയിൽ കാൻഫെഡ് സെന്റർ തുടങ്ങി. തുടർന്ന് കേരളത്തിൽ സാക്ഷരത സമ്പൂർണ്ണ സംസ്ഥാനമാക്കാൻ ഗവൺമെന്റ് നടപ്പിലാക്കിയ യജ്ഞത്തിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ റിസോഴ്സ് പേഴ്സൺ ആയിപ്രവർത്തിച്ചു. ട്യൂട്ടോറിയൽ കോളേജുകളിൽ പത്തുവർഷത്തോളം പഠിപ്പിച്ചു. തുടർന്ന് വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ജോലി ലഭിച്ചു. ജസ്റ്റീസ് ഡി.ശ്രീദേവി പുരസ്കാരം, സുഗതകുമാരി പുരസ്കാരം, വഴയില ശ്രീ ഭദ്രകാളിപുരം ദേവി പുരസ്കാരം, തമ്പുരാൻ പുരസ്കാരം കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ പുരസ്കാരം, ഫ്രീഡം ഫിഫ്റ്റി പുരസ്കാരം തുടങ്ങി ധാരാളംപുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കലാസാംസ്കാരിക സാമൂഹിക, രാഷ്ട്രീയ സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നു. പുരോഗമന കലാ സാഹിത്യ സംഘം, ആറ്റുകാൽ ദേവി സേവാസംഘം, ജനാധിപത്യ കലസാഹിത്യവേദി, കല്യൂർ ചാടിയറ ദേവീ ക്ഷേത്രം, കുശക്കോട് മഹാദേവക്ഷേത്രം, വഴയില ശ്രീധർമ്മ ശാസ്താ ക്ഷേത്രം, വി. പി. തമ്പി സ്മാരക ഗ്രന,ഥശാല, കുടപ്പന ക്കുന്ന്, കുടപ്പനക്കുന്ന് റെസിഡൻസ് അസോസിയേഷൻ എന്നിവിടങ്ങളിൽ നിന്നും ആദരവ് ലഭിച്ചു.

## രാജേഷ് കീച്ചേരി

കണ്ണൂർ സ്വദേശി. സാമൂഹികരംഗത്തും കലാസാഹിത്യരംഗത്തും പ്രവർത്തിക്കുന്നു. 250 ൽപരം കവിതങ്ങൾ എഴുതിയിട്ടുണ്ട്. ഇതിൽ പലതും പ്രധാന പ്രസാധകരുടെ പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ചുവന്നിട്ടുണ്ട്. 40 കവിതകളുടെ ഒരു സമാഹാരം സ്വന്തമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 35 വർഷമായി സംഗീതോപകരണങ്ങളായ തബല, മൃദംഗം എന്നിവകളിൽ ക്ലാസ്സ് എടുക്കുകയും ഇന്ത്യക്കകത്തും വിദേശരാജ്യങ്ങളിലും പ്രൊഫഷണൽ ആർട്ടിസ്റ്റായി ഒട്ടനവധി പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നു, സ്കൂൾ, കോളേജ്, കേരളോത്സവം, തുടങ്ങിയ കലാമത്സര രംഗത്ത് വിധികർത്താവായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനതല കലാമത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പാൻ പ്രാപ്തരാക്കിയിട്ടുണ്ട്. കൂടാതെ റേഡിയോ ടെലിവിഷൻ ചാനലുകളിൽ വിവിധ പരിപാടികളുടെ ഭാഗമാകാൻ സാധിച്ചിട്ടുണ്ട്. സ്വന്തം കുലത്തൊഴിലായ, ഇന്ന് അന്യം നിന്നു കൊണ്ടിരിക്കുന്നതുമായ കൊല്ലപ്പണിയിലൂടെ വിവിധ ആരാധനാലയങ്ങളിലേക്ക് വിളക്കുകളും ആയുധങ്ങളും മറ്റു കലാശിൽപ്പങ്ങളും നിർമ്മിച്ച് സ്വന്തം നാടിന്റെ ആദരവിന് പാത്രമായിട്ടുണ്ട്. പ്രദേശത്തുള്ള വിവിധ സംഗീത ക്ലബ്ബുകളുമായും സംഘടനകളുമായി കൂട്ടിച്ചേർന്ന് സംഗീതോപകരണങ്ങൾ പരിചയപ്പെടുത്തുകയും പരിശീലനം നൽകുകയും അതോടൊപ്പം അഗതികൾക്കും പാവപ്പെട്ടവർക്കും ഭക്ഷണവും വസ്ത്രവും എന്നിവ വിതരണം ചെയ്യുകയും സംഗീതവിരുന്നുകൾ നട ത്തുകയും ചെയ്യുന്നു.

## സുധർമ്മ പ്രഭുകുമാർ കോഴിക്കോട്

കോഴിക്കോട് വെള്ളിമാടുകുന്ന് സ്വദേശി. കലാരംഗത്ത് 48 വർഷക്കാലമായി സേവനമനുഷ്ഠിക്കുന്നു. നൃത്തം നാടകം കഥാപ്രസംഗം, പ്രസംഗം, ഉപന്യാസം രചന, കഥയെഴുത്ത്, പാട്ട്, കോറിയോഗ്രാഫി, തിരുവാതിര, ഡബ്ബിങ്ങ് എന്നീ മേഖലയിൽ സജീവമാണ്. ഇപ്പോൾ നൃത്ത അദ്ധ്യാപികയായി ജോലി തുടരുന്നു. പഠിക്കുന്ന കാലം 18 വയസ്സുവരെ അഖില കേരള ബാലജനസഖ്യം (സഹൃദയ ബാലജനസഖ്യം, മലാപ്പറമ്പ്) മെമ്പറും എല്ലാ മത്സരങ്ങളിലും പങ്കെടുക്കുകയും വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടുകയും ചെയ്തിട്ടുണ്ട്. നാട്ടിലെ പൊതു പ്രവർത്തനങ്ങളിൽ ഇടപ്പെട്ട് പ്രവർത്തിക്കുന്നു. 2010 -ൽ ടെലിവിഷൻ ചാനൽ നടത്തിയ നൃത്ത റിയാലിറ്റി ഷോയിൽ ഫൈനൽ കണ്ടസ്റ്റന്റാവുകയും അതിൽക്കൂടി സിനിമകളിൽ ചെറിയ വേഷങ്ങൾ ചെയ്യുകയുമുണ്ടായി. ഓൾ കേരള നൃത്ത നാടക അസോസിയേഷൻ - സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പർ, ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് അസോസിയേഷൻ- എക്സിക്യൂട്ടീവ് അംഗം സ്കൂൾ കലോത്സവത്തിൽ സ്കൂൾ തലത്തിലും (സബ് ജില്ല- ജില്ല, സ്റ്റേറ്റ്) ജഡ്ജായി പ്രവർത്തിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുള്ള കലാപരമായി കഴിവുള്ള കുട്ടികൾക്ക് മുന്നോട്ടുവരുവാൻ ഫീസു വാങ്ങാതെ പഠിപ്പിക്കുകയും കലോത്സവങ്ങൾക്ക് വേദിയിലെത്തിക്കുകയും ചെയ്യുന്നു. 2010 ൽ അഖിലകേരള പ്രൊഫഷണൽ നാടക മത്സരത്തിൽ മികച്ച നടിക്കുള്ള അവാർഡ് ലഭിച്ചു. സന്മാർഗ്ഗ ദർശിനി വായനശാലയുടെ ഏറ്റവും നല്ല നൃത്താദ്ധ്യാപികക്കുള്ള അവാർഡ് ലഭിച്ചു. വിവിധ നാടകട്രൂപ്പുകളിൽ അഭിനയിച്ചിട്ടുണ്ട്. നിലവിൽ കുന്ദമംഗലം, വെള്ളിമാടുകുന്നിൽ ശ്രുതി സ്കൂൾ ഓഫ് ഡാൻസ് എന്ന ഒരു നൃത്ത സ്ഥാപനം നടത്തിവരുന്നു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



സ്മിത കൃഷ്ണാഞ്ജലി




പപ്പൻ നരിപ്പറ്റ (പത്മനാഭൻ)




കെ എസ് രെജു കരുനാഗപ്പള്ളി

## സ്മിത കൃഷ്ണാഞ്ജലി

മലപ്പുറം വണ്ടൂർ സ്വദേശി. കവയത്രി, ചെറുകഥാകൃത്ത്, അദ്ധ്യാപിക. 28 വർഷമായി ഗണിതശാസ്ത്ര അദ്ധ്യാപികയായി സേവനമനുഷ്ഠിക്കുന്നു. ഭക്തിഗാനരചനയിലൂടെ തുടങ്ങിയ കലാസപര്യ ഇന്ന് എഴുത്തിന്റെ എല്ലാ മേഖലകളിലൂടെയും സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. ഭക്തി ഗാനങ്ങളും കവിതകളും, ലേഖനങ്ങളും, നിരവധി ചെറുകഥകളും ഇതിനോടകം എഴുതിയിട്ടുണ്ട്. ഭക്തിഗാന സമാഹാരവും കവിതാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോട്ടയം ആസ്ഥാനമായ ഭാഷാസ്നേഹികളുടെ കൂട്ടായ്മയായ അമ്മ മലയാളം പുറത്തിറക്കുന്ന മാസികയുടെ അസോസിയേറ്റ് എഡിറ്ററായും സേവനമനുഷ്ഠിക്കുന്നു. സാഹിത്യത്തോടൊപ്പം സംഗീത ഉപാസനയും മുന്നോട്ട് കൊണ്ടുപോകുന്നു. നിരവധി വേദികളിലായി സംഗീത സമർപ്പണം ചെയ്തുകൊണ്ടിരിക്കുന്നു. ഫിലമെന്റ് കലാസാഹിത്യ വേദി സംസ്ഥാന കമ്മിറ്റി ഏർപ്പെടുത്തിയ 2024 ലെ പ്രതിഭാ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട് . മലയാളം കലാസാഹിത്യ വേദി സംസ്ഥാന തലത്തിൽ നടത്തിയ കവിതാരചന മത്സരത്തിലും , പ്രണയ ഗാനരചന മത്സരത്തിലും സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വണ്ടൂരിൽ "സ്വരലയ" എന്ന മ്യൂസിക് ഗ്രൂപ്പുമായി ചേർന്ന് സംഗീത പ്രോഗ്രാമുകൾ ചെയ്തു വരുന്നു. കേരള സഹകരണ യൂണിയന്റെ മലപ്പുറം ജില്ലാകലോത്സവങ്ങളിൽ നിരവധി തവണ ലളിതഗാനം, സിനിമാഗാനം, മാപ്പിളപ്പാട്ട്, സംഘഗാനം തുടങ്ങിയ ഇനങ്ങളിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. മലയാളം കലാ സാഹിത്യ വേദിയുടെ സംസ്ഥാന ജോ:സെക്രട്ടറിയായി ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

## പപ്പൻ നരിപ്പറ്റ (പത്മനാഭൻ)

കോഴിക്കോട് വടകര സ്വദേശി. സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ നാടകങ്ങളിൽ അഭിനയിച്ചുതുടങ്ങി. വിദ്യാഭ്യാസത്തിന് ശേഷം നാടക പ്രവർത്തനങ്ങളിൽ സജീവമായി.അമേച്വർ നാടകങ്ങൾ എഴുതുകയും അഭിനയിക്കുകയും,സംവിധാനം ചെയ്യുകയും ചെയ്തു. പിന്നീട് പ്രമുഖ സിനിമ സംവിധായകരുടേയും സഹസംവിധായകനായി അമ്പതിൽപരം സിനിമകളിൽ പ്രവർത്തിച്ചു.കോട്ടപ്പുറത്തെ കൂട്ടുകുടുംബം എന്ന സിനിമയിലൂടെ സ്വതന്ത്ര സംവിധായകനായി.തുടർന്ന് മലബാറിൽ നിന്നൊരു മണിമാരൻ, ജ്വലനം, കരിങ്കണ്ണൻ, വയസ്സെത്രയായി എന്നീ സിനിമകൾ സംവിധാനം ചെയ്തു. പ്രമുഖ മലയാള ടിവി ചാനലുകൾക്ക് വേണ്ടി ഡോക്യുമെന്ററികളും സംവിധാനം ചെയ്തു. വടകര പ്രവർത്തിക്കുന്ന ഫസ്റ്റ്ബെൽ നാടകകൂട്ടായ്മയുടെ ചെയർമാൻ, പരിസ്ഥിതി പ്രവർത്തകൻ,കലാ-സാംസ്കാരിക മേഖലകളിലും സജ്ജീവ സാനിധ്യം.

## കെ എസ് രെജു കരുനാഗപ്പള്ളി

കൊല്ലം കരുനാഗപ്പള്ളി സ്വദേശി. ഒരു സാധാരണ നെയ്ത്തു തൊഴിലാളി കുടുംബ ത്തിൽ ജനനം. 15 വയസ്സ് മുതൽ കവിതകൾ എഴുതുന്നു. കവിയരങ്ങുകളിലും മറ്റും പങ്കെടുത്ത് സ്വന്തം കവിതകൾ അവതരിപ്പിക്കാറുണ്ട്. സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളോടൊപ്പം രാഷ്ട്രീയ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. കൂടാതെ സമാന്തര വിദ്യാഭ്യാസ രംഗത്തും 38 വർഷക്കാലമായി പ്രവർത്തിക്കുന്നു. നിർധനരായ ധാരാളം കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകിവരുന്നു. ചാരിറ്റി പ്രവർത്തനങ്ങളിലും സജീവമാണ്. വിദ്യാഭ്യാസ രംഗത്തും 38 വർഷക്കാലമായി പ്രവർത്തിക്കുന്നു. കരുനാഗപ്പള്ളിയിൽ നടത്തിവരുന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ നിർധനരായ ധാരാളം കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകിവരുന്നു. കോഴിക്കോട് ധാർമികത ദിനപത്ര-മാസികയുടെ എക്സലൻസ് അവാർഡ്, അംബേദ്കർ ഫൌണ്ടേഷൻ, കേരള യുടെ ഡോ. ബി.ആർ. അംബേദ്കർ ഗുരു ശ്രേഷ്ഠ പുരസ്കാരം, സംസ്കാര സാഹിത്യ വേദി, തിരുവനന്തപുരത്തിന്റെ കവിതാ അവാർഡ്-2018., തുഞ്ചൻ ഭക്തി പ്രസ്ഥാനപഠന കേന്ദ്രത്തിന്റെ തുഞ്ചത്തെഴുത്തച്ഛൻ പ്രഥമ പ്രതിഷ്ഠാ വാർഷികപുരസ്കാരം, സർഗചേതന, കരുനാഗപ്പള്ളിയുടെ സർഗ്ഗചേതന കവിത പുരസ്കാരം, തിരുവനന്തപുരം നിലാവ് സാംസ്കാരിക വേദിയുടെ വയലാർ രാമവർമ്മ സ്മാരക സാഹിത്യ പുരസ്കാരം, NGO അസോസിയേഷന്റെ 2015-ലെ കവിത അവാർഡ്, Dr. BR അംബേദ്കർ സ്റ്റഡി സെന്റർ & ചാരിറ്റബിൾ ട്രസ്റ്റ് കേരള യുടെ പ്രതിഭ പുരസ്കാരം, BSS ന്റെ കവിത അവാർഡ് തുടങ്ങിയുള്ള അവാർഡുകളും ആദരവുകളും ലഭിച്ചിട്ടുണ്ട്.




സിന്ധു സുരേഷ്




അനിതാ ദിവോദയം




അംബിക ശിവദായകം




ദീപ . സി

## സിന്ധു സുരേഷ്

കോഴിക്കോട് താമരശ്ശേരി സ്വദേശി. 30 വർഷമായി നൃത്ത സംഗീതം മേഖലകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. സ്വന്തമായി നൃത്ത വിദ്യാലയം നടത്തിവരുന്നു. കൂടാതെ നൃത്തധ്യാപികയുമാണ്. നിരവധി ദേശീയ അന്തർദേശീയ പ്രോഗ്രാമുകളിൽ പങ്കെടുത്തു . ഛത്തീസ്ഘട്ട് വച്ചു നടന്ന ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ പങ്കെടുത്തു ഭരതനാട്യത്തിൽ ഭരത ശാസ്ത്ര നൃത്തപ്രവീണ, മോഹിനിയാട്ടത്തിൽ നൃത്തനിഷ്ഠ, നൃത്തസമന്വയ നാട്യശ്രീ പുരസ്കാർ, നാട്ടുവനാർ ഗോപികൃഷ്ണ ഡാൻസ് ഫെസ്റ്റിവൽ പങ്കെടുത്തു നൃത്തഭൂഷൻ, നൃത്ത ഇളവരസി, നൃത്തശ്രീ തുടങ്ങി നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കി. കേരളത്തിലെ 14 ജില്ലകളിൽ നിന്നും മുപ്പതോളം നൃത്ത അദ്ധ്യാപകരുമായി ചേർന്ന പ്രൊഫഷണൽ ഗ്രൂപ്പ് (രസപ്രപഞ്ചി) കേരളത്തിനകത്തും പുറത്തും നിരവധി പ്രോഗ്രാമുകൾ ചെയ്തുവരുന്നു. 14 വർഷമായി താമരശ്ശേരിലെ കലാ സാംസ്കാരിക സംഘടനയുടെ ജോയിന്റ് സെക്രട്ടറിയായും, ത്യാഗരാജാ സംഗീത സഭയുടെ മെമ്പറായും പ്രവർത്തിച്ചു വരുന്നു. സമന്വയ പള്ളിപ്പുറം എന്ന സംഘടനയിലൂടെ ധാരാളം ചാരിറ്റി പ്രവർത്തനത്തിലും പങ്കാളിയാവുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഫീസ് ഈടാക്കാതെ നൃത്തം അഭ്യസിപ്പിക്കുന്നു. കലാകാരന്മാരുടെ ദേശീയ സംഘടന ‘നന്മ’ സർഗ്ഗ വനിതാ കോഴിക്കോട് ജില്ല പ്രസിഡന്റ് ആണ്. ‘നന്മ’യുടെ തന്നെ താമരശ്ശേരി യൂണിറ്റ് സെക്രട്ടറി, മേഖല സെക്രട്ടറി, ജില്ലാ എക്സിക്യൂട്ടീവ് മെമ്പർ എന്നീ നിലകളിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കേരള ആർട്ടിസ്റ്റ്സ് ഫ്രട്ടെനിറ്റി കോഴിക്കോട് സൗത്ത് മേഖല എക്സിക്യൂട്ടീവ് അംഗമായും പ്രവർത്തിക്കുന്നു. കൂടാതെ ഓൾ കേരള നൃത്തധ്യാപിക സംഘടനയുടെ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് അംഗമായും പ്രവർത്തിച്ചുവരുന്നു.

## അനിതാ ദിവോദയം

പത്തനംതിട്ട അടൂർ സ്വദേശ്ശി. കവി സാഹിത്യകാരി. നിരവധി മ്യൂസിക്കൽ ആൽബങ്ങ ൾ ചെയ്തിട്ടുണ്ട്. സോഷ്യൽ മീഡിയയിൽ ശ്രദ്ധേയ ആണ്. മഹാ ഭാരത ഇ തിഹാസ കഥാപാത്രമായി ബന്ധപ്പെട്ടുള്ള ഖണ്ഡ കാവ്യങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു കവിതാ സമാഹാരവും പ്രസിദ്ധീകരിച്ചു. സ്കൂൾ ടീച്ചേർസ് അസോസിയേഷൻ (KSTA)പത്തനംതിട്ട ജില്ല നടത്തിയ കവിതാ രചനാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി 2026ലെ PG ആനന്ദൻ മെമ്മോറിയൽ ഓവർ ആൾ ട്രോഫി നേടുകയുണ്ടായി. അക്ഷരം കലാ സാഹിത്യവേദിയുടെ മികച്ച അധ്യാപികയ്ക്കുള്ള 2022 ലെ അവാർഡ്, സംസ്ഥാന അദ്ധ്യാപക കലോത്സവത്തിൽ കവിതാ രചനയിൽ ഒന്നാം സ്ഥാനം സോളോലേഡി ഫിലിം ഫെസ്റ്റിവൽ അവാർഡ്, കലാ ദീപം സർഗ്ഗ കീർത്തി അവാർഡ്, ഗ്രാമസന്ധ്യ ഫോക്‌ലോർ അവാർഡ്, തുടങ്ങിയുള്ള അവാർഡുകൾ ലഭിക്കുകയുണ്ടായി. കുട്ടികൾ സ്നേഹത്തോടെ മുന്തിരി ടീച്ചർ എന്ന് വിളിക്കുന്നു. ഹയർസെക്കന്ററി ചട്ട കോർഡിനേറ്റർ. സ്കൂൾ സഹൃദ കോർഡിനേറ്റർ. സ്കൂൾ കൗൺസിലർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന കൗൺസിൽ അംഗം., വനിതാ സാഹിതി സംസ്ഥാന കമ്മറ്റി അംഗം, പുരോഗമന കലാ സാഹിത്യ സംഘം പത്തനംതിട്ട ജില്ലാ ട്രെഷറർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## അംബിക ശിവദായകം

വയനാട് വെള്ളമുണ്ട സ്വദേശി. കവിത, കഥ, യാത്രവിവരണങ്ങൾ, ചെറുലേഖനങ്ങൾ എന്നിവയാണ് എഴുത്തുമേഖലകൾ. രണ്ട് കവിതാസമാഹാരങ്ങൾ പുറത്തിറക്കി. നിരവധി കവിതാസമാഹാരങ്ങളിൽ കവിതകൾ രചിച്ചിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ മാഗസിനുകളിലും കവിത എഴുതിയിട്ടുണ്ട്. നിരവധി സാഹിത്യ കൂട്ടായ്മകളിൽ സാന്നിധ്യമായി തുടരുന്നു. ഫിലമെൻറ് കലാസാഹിത്യ വേദിയുടെ പ്രതിഭാ പുരസ്ക്കാരം, കൈരളി ആർട്ടിസ്റ്റ് ആന്റ് ലിറ്ററേറ്റേഴ്സ് അസോസിയേഷന്റെ സംസ്ഥാന കവിതാ പുരസ്ക്കാരം തുടങ്ങി ഒട്ടനേകം സാഹിത്യ കൂട്ടായ്മകളുടെ പുരസ്കാരങ്ങളും ആദരവും ലഭിച്ചിട്ടുണ്ട്. മലയാളം കലാസാഹിത്യ വേദിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗമാണ്. ശ്രേഷ്ഠ ഭാഷാ മലയാളത്തിന്റെ കവിതാ സമാഹാരത്തിൽ സൃഷ്ടികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ദീപ . സി

കൊല്ലം കൊട്ടാരക്കര സ്വദേശി. മ്യൂസിക് തെറാപ്പിയിൽ പ്രത്യേക പരിശീലനം നേടിയിട്ടുണ്ട്. സംഗീതം, യോഗ, സംഗീത ചികിത്സ എന്നിവയുടെ സഹായത്തോടെ വ്യക്തികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ വികസനത്തിനും സാമൂഹിക പുരോഗതിക്കും സംഭാവന നൽകുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്നു. ഡയറക്ടർ വേദ മ്യൂസിക് ആൻഡ് യോഗ (25 വർഷത്തിലധികം) എഴുകോൺ ശ്രീ നാരായണ ഗുരു സെൻട്രൽ സ്കൂളിൽ മ്യൂസിക് യോഗ ടീച്ചറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പത്തനാപുരം ഗാന്ധിഭവനിൽ സംഗീത ചികിത്സ, മെഡിറ്റേഷൻ, യോഗ എന്നിവ പരിശീലിപ്പിക്കുന്നു. പഞ്ചായത്ത് തലങ്ങളിൽ സംഘടിപ്പിക്കുന്ന 21 ദിവസത്തെ യോഗ പരിശീലന പരിപാടികളിൽ സജീവ പങ്കാളിത്തം വഹിക്കുന്നു. സബ്ജില്ലാ / ജില്ലാ സ്കൂൾ കലോത്സവം, സി.ബി.എസ്.ഇ കലോത്സവം യൂണിവേഴ്സിറ്റി യുവജനോത്സവം / മെഡിക്കൽ യൂണിവേഴ്സിറ്റി കലോത്സവം, ജില്ലാ കേരളോത്സവം കേരള ഗസറ്റഡ് ഓഫീസേഴ്സ് കലോത്സവം എന്നിവയിൽ വിധികർത്താവാണ്. ഗുരു ശ്രേഷ്ഠ അവാർഡ്, നവരാത്രി സംഗീത സഭയുടെ മികച്ച പെർഫോർമർ അവാർഡ് തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.




സൂര്യ ബാബു




ദേവു അശ്വാരൂഢ




ബീന നവദീപം

## സൂര്യ ബാബു

കോഴിക്കോട് കൊയിലാണ്ടി സ്വദേശി. നർത്തകൻ, കാരുണ്യ പ്രവർത്തകൻ. വടകര ഗുരുക്കൾസ് എന്ന സ്ഥാപനത്തിൽ 26 വർഷം ആയി ആതുര സേവനം ചെയ്തു വരുന്നു , പാവപ്പെട്ടവർക്കുവേണ്ടി സൗജന്യ സേവനം നൽകി വരുന്നു. കഴിഞ്ഞ 26 വർഷം ആയി നൃത്തവും അഭ്യസിപ്പിക്കുന്നു. കുച്ചിപ്പുടിയിൽ നാഷണൽ ലെവൽ സ്കോളർഷിപ്പ് കുട്ടികൾക്ക് നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട് മലയാളി അസോസിയേഷൻ കൊൽക്കൊത്ത, കാളിമാതാ ഫെസ്റ്റ്സ്ഡ് ആന്ധ്രാപ്രദേശ്, എന്നീ സംസ്ഥാനങ്ങളിൽ നൃത്ത പരിപാടി ഇപ്പോഴും നടത്തി വരുന്നു . ഖഉ ഡാനിയേൽ പുരസ്കാരം, നല്ല നർത്തകനുള്ള പുരസ്കാരം (കൊയിലാണ്ടി), കൊറിയോഗ്രാഫർ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്., (ചമിാമ നാഷണൽ അസോസിയേഷൻ ഓഫ് മലയാളം ആർട്ടിസ്റ്റ് കലാകാര സംഘടനയിൽ അംഗമാണ്.

## ദേവു അശ്വാരൂഢ

നെടുമങ്ങാട് നന്ദിയോട് സ്വദേശി. ആർട്ടിസ്റ്റ്, നൃത്താധ്യാപിക. 9 വയസ് മുതൽ സ്കൂൾ, സബ്ജില്ലാ കലോത്സവങ്ങളിൽ സജീവം... ഭാരതനാട്യം, കുച്ചിപ്പുടി, നാടോടി നൃത്തം, കേരളനടനം എന്നീ ഇനങ്ങളിൽ സ്കൂൾ, സബ്ജില്ലാ, ജില്ലാ കലോത്സവങ്ങളിൽ മികവ് തെളിയിച്ചു... സ്കൂൾ വിദ്യാഭ്യാസ കാലത്ത് വിളപ്പിൽശാലയിൽ വച്ചുനടന്ന ‘ലാസ്യ’ എന്ന കോംപറ്റീഷനിൽ ഭാരതനാട്യം, കുച്ചിപ്പുടി, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ മികച്ച വിജയം കരസ്തമാക്കി.2021 ൽ സ്വന്തമായി ഒരു ‘അശ്വാരൂഢാ’ എന്ന പേരിൽ ഒരു നൃത്ത വിദ്യാലയം ആരംഭിച്ചു. തുടർന്ന് ക്ലാസിക്കൽ, സെമിക്ലാസിക്കൽ, കൈകൊട്ടിക്കളി തുടങ്ങിയ ഇനങ്ങൾ പ്രായഭേതമന്യേ അഭ്യസിപ്പിക്കുന്നു. ഇവിടെ പഠിക്കുന്ന കുട്ടികൾ വിവിധ മത്സരങ്ങളിൽ വിജയികളാകുന്നുണ്ട്. 18 വയസ് മുതൽ തന്നെ അധ്യാപക രംഗത്ത് സജീവം.. സ്കൂൾ, സബ്ജില്ലാ, ജില്ലാ, യൂണിവേഴ്സിറ്റി കലോത്സവങ്ങളിലേക്ക് വിദ്യാർത്ഥികളെ മത്സരിപ്പിക്കാൻ പ്രാപ്തരാക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു വരുന്നു.. മൂന്ന് വർഷമായി പ്രവർത്തിക്കുന്ന ‘അശ്വാരൂഢാ’ കൈകൊട്ടിക്കളി സംഘത്തിന്റെ ക്യാപ്റ്റൻ ആയി നിലനിൽക്കുന്നു. 2025 ഏപ്രിൽ മുതൽ നടന്ന കൈകൊട്ടിക്കളി കോംപറ്റീഷനുകൾ മത്സരിക്കുകയും തുടരെ സമ്മാനങ്ങൾ നേടുകയും ചെയ്യുന്നു.. 15ൽ പരം ഒന്നാം സമ്മാനങ്ങളും 10 ൽ പരം രണ്ടാം സമ്മാനങ്ങളും നേടിയിട്ടുണ്ട്.

## ബീന നവദീപം

തിരുവനന്തപുരം ഈഞ്ചയ്ക്കൽ സ്വദേശി. സാഹിത്യകാരി. 54 കവിതകളും കഥകളും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. അംബാപ്രസാദം, കേരള സ്റ്റേറ്റ് സ്കൗട്ട് & ഗൈഡ്സ് മാഗസിൻ, ചിന്മയ വിദ്യാലയം (കൊല്ലം & തിരുവനന്തപുരം) മാഗസിൻ, പവിത്ര ഭൂമി, പുഴക്കര എന്നീ മാഗസിനിൽ എഴുതിവരുന്നു. ആകാശവാണിയിൽ കവിതകൾ അവതരിപ്പിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. പല കവിയരങ്ങിലും സജീവമായി പങ്കെടുത്തു വരുന്നു. ആറ്റുകാൽ ചിന്മയ വിദ്യാലയത്തിൽ ടീച്ചർ ആയി ജോലി ചെയ്യുന്നു. കൂടാതെ ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് പ്രസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്നു. ചിന്മയ വിദ്യാലയത്തിലെ ഗൈഡ് വിഭാഗം ഫ്ലോക്ക് ലീഡർ ആയും സേവനം ചെയ്തു വരുന്നു. 2020 & 2025 ബെസ്റ്റ് ടീച്ചർ അവാർഡ് ചിന്മയ മിഷൻ നിന്നും ലഭിച്ചിട്ടുണ്ട്. കവി അയ്യപ്പൻ സ്മാരക 2025 ലെ ശ്രേഷ്ഠ കവിതയ്ക്കുള്ള സ്നേഹാദരവ്, സാഹിത്യത്തിൽ ഡി വിനയചന്ദ്രൻ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. സ്കൗട്ട്, & ഗൈഡ്സ് ന്റെ സജീവ പങ്കാളിത്തം കണക്കിലെടുത്തു ജസ്റ്റിസ് ശ്രീദേവി അനുസ്മരണ പുരസ്കാരം 2026 ലഭിച്ചിട്ടുണ്ട്. കൂടാതെ ഭാരതീയ വിചാരകേന്ദ്രം ഗീതസ്വാദ്ധ്യയ സമിതി, ക്ഷേത്രസംരക്ഷണ സമിതി എന്നിവയിൽ നിന്നും നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് (മദ്യപ്രദേശ് ) അസിസ്റ്റന്റ് ലീഡർ ട്രെയിനിങ് കോഴ്സ് കഴിഞ്ഞതിന്റെ പേരിലുള്ള നാഷണൽ ലെവൽ ലോങ്ങ് സർവീസ് അവാർഡ് 2025 ലഭിച്ചിട്ടുണ്ട്. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുത്തു വരുന്നു.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



ഉമൈഫ റഷീദ്



ശാന്തമ്മ ചന്ദ്രദാസ്



അശോകൻ കെ.കെ

### ഉമൈഫ റഷീദ്

തിരുവനന്തപുരം മുട്ടട സ്വദേശി. കവിയത്രി. നാന്നൂറോളം കവിതകൾ പ്രസിദ്ധികരിച്ചിട്ടുണ്ട്. ഉമൈഫ റഷീദ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നു. വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ ധാരാളം എഴുതുമായിരുന്നു. സമകാലിക മാധ്യമങ്ങളിൽ കഥയും, കവിതയും എഴുതി വരുന്നു. രണ്ടു കവിതാ സമാഹാരവും ചെറുകഥാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുപ്രവർത്തന രംഗത്തും, ജീവകാരുണ്യ മേഖലയിലും ഇപ്പോഴും സജീവമായി തുടരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മണ്ഡലം ഭാരവാഹിയായും പ്രവർത്തിച്ചു വരുന്നു. ശ്രീ ചിത്തിര തിരുനാൾ രാജാ പുരസ്കാരം, അബ്ദുൾകലാം സ്റ്റഡി സെന്റർ പുരസ്കാരം, കാവ്യരാഗ പുരസ്കാരം, ജനാധിപത്യ കലാ സാഹിത്യവേദി പുരസ്കാരം, വൈദ്യ ശ്രേഷ്ഠ സാഹിത്യ അവാർഡ് തുടങ്ങി പല കലാ സാഹിത്യസാംസ്ക്കാരിക സംഘടനകളിൽ നിന്നും പുരസ്ക്കാരങ്ങളും, നിരവധി ആദരവുകളും ലഭിച്ചിട്ടുണ്ട്.

### ശാന്തമ്മ ചന്ദ്രദാസ്

ആലപ്പുഴ ചെങ്ങന്നൂർ സ്വദേശി. നർത്തകി. 8 വയസ്സു മുതൽ നൃത്തം അഭ്യസിക്കാൻ തുടങ്ങി 18 വയസ്സുമുതൽ കുട്ടികളെ നൃത്തം പഠിപ്പിക്കുവാൻ തുടങ്ങി ഇപ്പോൾ ഏകദേശം 600 ശിഷ്യരുണ്ട് മാവേലിക്കരയിലെ പ്രശസ്തമായ നൃത്തട്രൂപ്പിലെ നൃത്തനാടകം സംവിധാനം ചെയ്തു. അതിന് ശേഷം 1977 കാലഘട്ടത്തിൽ പല്ലാരിമംഗലം ദീപാ തീയറ്റേഴ്സിൽ നൃത്തനാടകം സംവിധാനം ചെയ്തു. 600 ൽ പ്പരം വേദികളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട് 6 വർഷം നൃത്തനാടകട്രൂപ്പിൽ അഭിനയിച്ചിട്ടുണ്ട് 1984 -ൽ ശാരിക നൃത്താലയം എന്ന സ്വന്തം ട്രൂപ്പ് ഉണ്ടാക്കി. നൃത്തസ്കൂൾ ആയി പ്രവർത്തിച്ചു. ധാരാളം കുട്ടികൾ ഇപ്പോഴും കുട്ടികൾ നൃത്തം അഭ്യസിക്കുന്നു. 2013 -ൽ നൃത്ത വിഭാഗത്തിൽ -ഡോ. അംബേദ്ക്കർ നാഷണൽ അവാർഡ് അവാർഡ് കിട്ടി

### അശോകൻ കെ.കെ

കാസർഗോഡ് പനയാൽ സ്വദേശി. ഉടുപ്പി മുല്ല അല്ലെങ്കിൽ ശങ്കരമുല്ല കൃഷിയെക്കുറച്ച് കേട്ടറിഞ്ഞപ്പോൾ ഒരു പരീക്ഷണമെന്ന നിലയിൽ 25 സെന്റ് ഭൂമി മണ്ണിട്ട് നികത്തി കുറ്റിമുല്ല കൃഷി ആരംഭിച്ചു. ഇത് വലിയ ഒരു പരീക്ഷണം തന്നെയായിരുന്നു. അങ്ങനെ കെട്ടിട നിർമ്മാണ തൊഴിലാളിയായ അശോകൻ കുറ്റിമുല്ല കൃഷിയിൽ ഒരു ചെറു വിപ്ലവം തന്നെ സൃഷ്ടിച്ചു. വീടുൾപ്പെടെയുള്ള 30 സെന്റ് ഭൂമിയിലാകെ കൃഷി വ്യാപിപ്പിച്ചതോടെ മുഴുവൻ സമയ കൃഷിക്കാരനായി മാറി. സീസണിൽ പ്രതിമാസം 10 കിലോ (10 അട്ടി) പൂക്കൾ ലഭിക്കുന്നു. കൃഷിയുടെ സാർവ്വത്രികമായ പ്രവർത്തനത്തിൽ കുടുംബവും സജീവമാണ് ഇടനിലക്കാരില്ലാതെ നേരിട്ട് ആവശ്യക്കാർക്ക് എത്തിച്ച് കൊടുക്കുന്നത് ആണ് വിൽപ്പന രീതി. ഇതോടൊപ്പം വൻ തോതിൽ മത്സരകൃഷി നേന്ത്രവാഴക്കൃഷി, പശു, ആട് വളർത്തൽ എന്നിവയിലും ചെയ്യുന്നു.



കെ.ജി. ഓമനക്കുട്ടൻ



ആർ. ഉമേഷ് കുമാർ


വിൽസൺ ജോസഫ്

### കെ.ജി. ഓമനക്കുട്ടൻ

തിരുവല്ലാ കവിയൂർ സ്വദേശി. മദ്ധ്യതിരുവിതാംകൂറിന്റെ അനുഷ്ഠാന കലാരൂപമായ പടയണി രംഗത്ത് 37 വർഷക്കാലമായി പ്രവർത്തിക്കുന്നു. പടയണിയുടെ എല്ലാ മേഖലയിലും പ്രാവീണ്യം നേടിയിട്ടുണ്ട്. പടയണികലയുടെ വിവിധ ഭാഗങ്ങളായ തുള്ളൽ, കൊട്ട്, പാട്ട്, വിനോദം, കോലമെഴുത്ത് എന്നിവയുടെയും പരിശീലകനാണ്. പടയണിയിലെ തെക്കൻ വടക്കൻ ചിട്ടകളിൽ നിരവധി ആശാന്മാരിൽ നിന്നും ശിക്ഷണം നേടിയിട്ടുണ്ട്. പതിമൂന്നാം നൂറ്റാണ്ടിന്റെ കാവ്യങ്ങളെ പ്രതിപാദിക്കുന്ന നിരവധി കോലങ്ങളെ പുനർ ആവിഷ്കരിച്ചിട്ടുണ്ട്, കുറത്തി തെയ്യം, പിള്ളതീനിക്കാളി എന്നിവയാണ് പ്രധാനം. 120 വർഷമായി മുടങ്ങിക്കിടന്ന പുതിയകാവ് പടയണി കളരിയെ പുനർ അവതരിപ്പിച്ചു. നിരവധി കരകളിൽ പടയണിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നു. 2020 ൽ കേരള ഫോക്ലോക് അക്കാദമി ഗുരുപൂജ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

### ആർ. ഉമേഷ് കുമാർ

ആറ്റിങ്ങൽ കൊടുമൺ സ്വദേശി, 1980 കളിൽ അമച്ച്വർ നാടകത്തിലൂടെ അഭിനയത്തിലേക്ക് കടന്നു വന്നു. വേറെ ക്ലബ് നാടകങ്ങളിലും അഭിനയിച്ചു. ഒട്ടേറെ നാടകങ്ങളിൽ അഭിനയിച്ചു. പിന്നീട് സംഘാടകൻ മാത്രമായി. ഇടനിലക്കാരൻ, ചിന്നപാപ്പാൻ, ചിരിക്കുന്ന മനുഷ്യൻ, നായകൻ എന്നിങ്ങനെ 34 നാടകങ്ങളിൽ അഭിനയിച്ചു. സംസ്ഥാന അവാർഡ് ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്. തിക്കുറിശ്ശി ഫൗണ്ടേഷൻ അവാർഡ്, പ്രേംനസീർ സ്മൃതി സായാഹ്ന പുരസ്ക്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്. നാടക കലാകാരന്മാരുടെ സംഘടനയായ കേരള ഡ്രാമ വർക്കേഴ്സ് വെൽഫെയർ അസോസിയേഷൻ ജനറൽ സെക്രട്ടറി, പ്രൊഫഷണൽ ഡ്രാമ ചേംബറിന്റെ സെക്രട്ടറി മലയാളനാടക ആസ്വാദക മേഖലകളിൽ മനസ്സിന്റെ ഖജാൻജി തുടങ്ങി നിരവധി മേഖലകളിൽ പ്രവർത്തിക്കുന്നു.

### വിൽസൺ ജോസഫ്

കൊല്ലം തങ്കശ്ശേരി സ്വദേശി. ദുബെയിൽ സ്ഥിരതാമസം. 18-ാം വയസ്സിൽ മുംബെയിൽ ഒരു ഇലക്ട്രോണിക് കമ്പനിയിൽ പ്രവേശിച്ചു. കമ്പനി രാജ്യത്തെ പല സൈറ്റുകളിലും വർക്ക് ചെയ്തു കൊണ്ടിരിക്കെ Adosxi എന്ന കമ്പനിയിൽ പ്രവേശിച്ചു. അവിടെ നിന്നും ഖത്തറിൽ 10 വർഷം ജോലി നോക്കി. ദുബെയിൽ ഒരു കമ്പനിയിൽ Full Supervisior ആയി ജോലി ചെയ്യവെ Rosefilda Construetion എന്ന കമ്പനി ആരംഭിച്ചുകൊണ്ട് 300 ഓളം പേർക്ക് തൊഴിൽ സാദ്ധ്യത ഉള്ള സ്ഥാപനമാക്കി മാറ്റി. ലയൺസ് ക്ലബ് ഇന്റർനാഷണലിലെ M.J.F Member പദവിയിൽ നിന്ന് കൊണ്ട് സ്വന്തം നാട്ടിലെ വളരെ പിന്നോക്കാവസ്ഥയിലുള്ളവർക്ക് വേണ്ടവിധം സഹായങ്ങൾ ചെയ്തു വരുന്നു. സ്വന്തമായി നിർമ്മിച്ച Complex കളിലും ലോഡ്ജുകളിലും നിരവധി പേർക്ക് തൊഴിൽ അവസരം സൃഷ്ടിച്ചുകൊണ്ട് വരുമാനത്തിന്റെ നല്ലൊരു ശ്രോതസ്സ് നാട്ടിലെ കാൻസർ രോഗികൾക്കും പിന്നോക്കം നിൽക്കുന്നവർക്കും സാമ്പത്തിക സഹായവുമായി നൽകി വരുന്നു.

## എഴുത്തിന്റെ ആദരങ്ങൾ

# സാഹിത്യത്തിനുള്ള നോബേൽ സമ്മാനം


ഡോ: സുജ സതീഷ്

ലോകസാഹിത്യത്തിലെ ഏറ്റവും ഉന്നതമായ ബഹുമതികളിൽ ഒന്നായി കണക്കാക്കപ്പെടുന്ന സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം, എഴുത്തിന്റെ മഹത്വത്തെയും മനുഷ്യചിന്തയുടെ ആഴത്തെയും ആദരിക്കുന്ന അന്താരാഷ്ട്ര പുരസ്കാരമാണ്.

സ്വീഡിഷ് ശാസ്ത്രജ്ഞനും വ്യവസായിയുമായ ആൽഫ്രഡ് നോബൽ 1895 നവംബർ 27-ന് പാരീസിൽ ഒപ്പുവെച്ച് തന്റെ ഒസിയത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് 1901-ൽ ഈ പുരസ്കാരം ആരംഭിച്ചത്. മനുഷ്യകുലത്തിന് ഏറ്റവും ഗുണകരമായ സംഭാവനകൾ നൽകിയവരെ ആദരിക്കുകയാണ് അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യം. ഭൗതികശാസ്ത്രം, രസതന്ത്രം, സമാധാനം, സാമ്പത്തികശാസ്ത്രം, സാഹിത്യം എന്നീ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയവരെ ആദരിക്കാനാണ് ഈ പുരസ്കാരങ്ങൾ നൽകുന്നത്. സാഹിത്യരംഗത്ത് മനു ഷ്യജീവിതത്തിന്റെ സങ്കീർണ്ണതകളും സാമൂഹിക യാഥാർത്ഥ്യങ്ങളും മനുഷ്യന്റെ ചിന്തകളും വികാരങ്ങളും ആഴത്തിൽ അവതരിപ്പിക്കുന്ന എഴുത്തുകാരെയാണ് ഈ ബഹുമതിക്കായി പരിഗണിക്കുന്നത്.

സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നൽകുന്നത് സ്റ്റോക്ക് ഹോം ആസ്ഥാനമായ സ്വീഡിഷ് അക്കാദമിയാണ് (Swedish Academy). ഓരോ വർഷവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സാഹിത്യ അക്കാദമികൾ, പ്രൊഫസർമാർ, മുൻ ജേതാക്കൾ, എഴുത്തുകാരുടെ സംഘടനകളിലെ അദ്ധ്യക്ഷന്മാർ തുടങ്ങിയവരിൽനിന്നും ലഭിക്കുന്ന നാമനിർദ്ദേശങ്ങൾ പരിശോധിക്കുകയും, സാഹിത്യ നിലവാരം, സമഗ്ര സംഭാവനകൾ, മനുഷ്യചിന്തയിൽ സൃഷ്ടിച്ച സ്വാധീനം തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തിയുമാണ് ജേതാവിനെ തിരഞ്ഞെടുക്കുന്നത്. ഒരു പ്രത്യേക കൃതിയെ മാത്രമല്ല, ഒരു എഴുത്തുകാരന്റെ സമഗ്രമായ സാഹിത്യ സംഭാവനകളെയാണ് സാധാരണയായി പരിഗണിക്കുന്നത്.




1901-ൽ ഫ്രഞ്ച് കവിയും ചിന്തകനുമായ സുള്ളി പ്രുധോം (Sully Prudhomme സാഹിത്യത്തിനുള്ള ആദ്യ നൊബേൽ സമ്മാനജേതാവായിരുന്നു. തുടർന്ന് 1913-ൽ ഇന്ത്യൻ കവി രബീന്ദ്രനാഥ ടാഗോർ തന്റെ പ്രശസ്ത കൃതിയായ ഗീതാഞ്ജലി (Gitanjali) എന്ന കാവ്യസമാഹാരത്തിന് നൊബേൽ സമ്മാനം നേടി. ഏഷ്യയിൽ നിന്നുള്ള ആദ്യ സാഹിത്യ നൊബേൽ ജേതാവും ഇന്ത്യയിൽ നിന്നുള്ള ആദ്യ നൊബേൽ ജേതാവുമായി രബീന്ദ്രനാഥ ടാഗോർ ലോക ചരിത്രത്തിൽ ഇടംനേടി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി പ്രമുഖ എഴുത്തുകാർ ഈ ബഹുമതിക്ക് അർഹരായിട്ടുണ്ട്. റുഡ്യാർഡ് കിപ്ലിംഗ്( യുണൈറ്റഡ് കിങ്ഡം), ഹെന്റിക്ക് ഷെൻ കിയ വിച്ച് പോളണ്ട്), പോൾ ഹെയ്സ്(ജർമ്മനി), ഹെതർ മുള്ളർ (സ്വീഡൻ), ഡോറിസ് ലെസ്സിംഗ് (ഇംഗ്ലണ്ട്) എന്നിവരാണ് ലോകസാഹിത്യ ത്തിൽ ശ്രദ്ധേയ സ്ഥാനമുറപ്പിച്ച ചില പ്രമുഖർ.

വനിതാ എഴുത്തുകാരും ഈ രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സെൽമ ലാഗേർവ്, ആലീസ് മൺറോ, ആനി എർണോ (Annie Ernaux) എന്നിവരാണ് സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയ പ്രമുഖ വനിത എഴുത്തുകാർ.

2024-ലെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ദക്ഷിണകൊറിയൻ എഴുത്തുകാരിയായ ഹാൻ കാങ് (Han Kang) നേടി. മനുഷ്യന്റെ വേദനകൾ, നിസ്സഹായത, ചരിത്രപരമായ മുറിവുകൾ, മനുഷ്യാവസ്ഥയുടെ സങ്കീർണ്ണതകൾ എന്നിവയെ ആഴത്തിൽ അവതരിപ്പിച്ച് അവരുടെ കാവ്യാത്മകമായ ഗദ്യരചനകൾക്കാണ് ഈ അംഗീകാരം ലഭിച്ചത്.

സാഹിത്യത്തിനുള്ള നോബൽ സമ്മാനം ഇന്നും ലോകമെമ്പാടുമുള്ള എഴുത്തുകാർക്ക് ഏറ്റവും വലിയ പ്രചോദനങ്ങളിലൊന്നായി തുടരുന്നു. മനുഷ്യജീവിത ത്തിലെ സത്യങ്ങളും സ്വപ്നങ്ങളും അനുഭവങ്ങളും വാക്കുകളിലൂടെ അവതരിപ്പിക്കുന്ന സൃഷ്ടാക്കൾക്ക് ലഭിക്കുന്ന അന്താരാഷ്ട്ര അംഗീകാരമായി ഇത് നിലകൊള്ളുന്നു. ഭാഷയുടെയും സംസ്കാരത്തിന്റെയും അതിരുകൾ മറികടന്ന് മനുഷ്യചിന്തയുടെ മഹത്വം ആഘോഷിക്കുന്ന ഈ പുരസ്കാരം ലോക സാഹിത്യത്തിന്റെ അമൂല്യ പൈതൃകമായി തുടരുന്നു.

# ദ്വയം

**അയന ദ്വയം**
- ഉത്തരായനം
- ദക്ഷിണായനം

**അരണി ദ്വയം**
- ഉത്തരാരണി
- അധരാരണി

**അലങ്കാര ദ്വയം**
- അർത്ഥാലങ്കാരം
- ശബ്ദാലങ്കാരം

**അത്മാ ദ്വയം**
- ജീവാത്മാവ്
- പരമാത്മാവ്

**ഋഷി ദ്വയം**
- ബ്രഹ്മർഷി
- രാജർഷി

**കലാ ദ്വയം**
- ദൃശ്യകല
- ശ്രവ്യകല

**ഗുരു ദ്വയം**
- കാര്യഗുരു
- കാരണഗുരു

**ഗ്രഹണ ദ്വയം**
- സൂര്യഗ്രഹണം
- ചന്ദ്രഗ്രഹണം

**ജ്ഞാന ദ്വയം**
- പ്രത്യക്ഷജ്ഞാനം
- പരോക്ഷജ്ഞാനം

**ദണ്ഡ ദ്വയം**
- ശരീരദണ്ഡം
- അർത്ഥദണ്ഡം

**ദർശന ദ്വയം**
- ആസ്തികം
- നാസ്തികം

**ധർമ്മ ദ്വയം**
- പ്രവൃത്തി
- നിവൃത്തി

**നിർവാണ ദ്വയം**
- ശുദ്ധം
- അശുദ്ധം

**നൃത്ത ദ്വയം**
- ലാസ്യം
- താണ്ഡവം

**പരലോക ദ്വയം**
- പിതൃയാനം
- ദേവയാനം

**പുത്ര ദ്വയം**
- ധർമ്മജൻ
- കാമജൻ

**ബുദ്ധി ദ്വയം**
- സദ്ബുദ്ധി
- അസദ്ബുദ്ധി

**മീമാസാ ദ്വയം**
- പൂർപ്പമീമാംസ
- ഉത്തരമീമാംസ

**മുക്തി ദ്വയം**
- ജീവന്മുക്തി
- വിദേഹമുക്തി

**വചന ദ്വയം**
- ഏകവചനം
- ബഹുവചനം

**വസ്തു ദ്വയം**
- സ്ഥാവരം
- ജംഗമം

**സമ്പദ് ദ്വയം**
- ദൈവീ സമ്പത്ത്
- ആസുരീ സമ്പത്ത്

## ഉപ്പിലെ അപകടകാരി

ഉപ്പാണോ അപകടകാരി? ഉപ്പിനെക്കാൾ അപകടകാരി ഉപ്പിലെ സോഡിയമാണ്.

അര ടീസ്പൂൺ ഉപ്പിൽ അടങ്ങിയിരിക്കുന്ന സോഡിയത്തിന്റെ അളവ്1000 മില്ലി ഗ്രാമാണ്?

ഉപ്പ് ശരീരത്തിന് ദോഷകരമായി മാറുന്നത് അതിലെ അമിത അളവിലുള്ള സോഡിയം മൂലമാണ്. നാം നിത്യേന കഴിക്കുന്ന ഉപ്പിൽ ഏതാണ്ട് 42 ശതമാനത്തോളം സോഡിയം അടങ്ങുന്നു. ഭക്ഷണ സാധനങ്ങൾ ദീർഘനാൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും രുചി കൂട്ടുവാനുമായി ഉപയോഗിക്കുന്ന കൃത്രിമ പദാർത്ഥങ്ങളിലും സോഡിയമുണ്ട്.


യഥാർത്ഥത്തിൽ ഉപ്പല്ല അപകടകാരി മറിച്ച് ഉപ്പിലെ സോഡിയമാണ് അപകടകാരി.

## ബെറ്റി നെസ്മിത് ഗ്രഹാം

(1 –ാം പേജിൽ നിന്നും തുടർച്ച)

# ഇങ്ക് വൈറ്റ്നർ:

## അടുക്കളയിലെ മിക്സിയിൽ നിന്നും ലോകം കീഴടക്കിയ വിപ്ലവ കണ്ടുപിടുത്തം!

വീണ്ടും ശരിയായ അക്ഷരം ടൈപ്പ് ചെയ്തു. സംഗതി സൂപ്പറായി. ബെറ്റിയുടെ ബോസ് പോലും ഈ വിദ്യ കണ്ടുപിടിച്ചില്ല. അവർ ഈ ദ്രാവകത്തിന് 'മിസ്റ്റേക്ക് ഔട്ട്' എന്ന് പേരുനൽകി. വൈകാതെ ഓഫീസിലെ മറ്റ് ജീവനക്കാരും ഈ 'മാന്ത്രിക ദ്രാവകം' തങ്ങൾക്കും വേണമെന്ന് പറഞ്ഞ് ബെറ്റിയുടെ അടുത്തെത്തി. അതോടെ സ്വന്തം അടുക്കള അവർ ഒരു ലാബാക്കി മാറ്റി. 'മിസ്റ്റേക്ക് ഔട്ട്'ന്റെ ഉത്പാദനം കൂട്ടി. അങ്ങനെ 'മിസ്റ്റേക്ക് ഔട്ട്' തന്റെ സഹജീവനക്കാർക്ക് നൽകികൊണ്ട് അവർ വില്പന ആരംഭിച്ചു. ഈ സമയത്ത് പേറ്റന്റ് എടുക്കാനുള്ള സാമ്പത്തിക ശേഷി ബെറ്റിക്കുണ്ടായിരുന്നില്ല. എന്നാൽ 1958-ൽ ബാങ്കിലെ ജോലി നഷ്ടപ്പെട്ടതോടെ അവർ തന്റെ ഉത്പന്നത്തിന്റെ പേര് 'ലിക്വിഡ് പേപ്പർ' എന്ന് മാറ്റി ഔദ്യോഗികമായി പേറ്റന്റിനും ട്രേഡ്മാർക്കിനുമായി അപേക്ഷിക്കുകയും അവ ലഭിക്കുകയും ചെയ്തു. ബെറ്റി ഈ ഉത്പന്നം പ്രമുഖ കമ്പനിയായ IBMന് വിൽക്കാൻ ശ്രമിച്ചെങ്കിലും ഇതിന് വലിയ വിപണി സാധ്യതയില്ലെന്ന് പറഞ്ഞ് അവർ അത് നിരസിച്ചു. പക്ഷേ, മകന്റെ ഭാവി ഓർത്ത് അവർ തോറ്റുകൊടുക്കാൻ തയ്യാറായില്ല. കഠിനമായി അധ്വാനിച്ച് അവർ സ്വന്തമായി കമ്പനി കെട്ടിപ്പടുത്തു. വൈകാതെ ഇത് ലോകമെമ്പാടും തരംഗമായി മാറി. അവർ വരുമാനത്തിന്റെ ഒരു ഭാഗം 'ഗിഹോൺ ഫൗണ്ടേഷൻ', 'ബെറ്റി ക്ലെയർ മക്മുറെ ഫൗണ്ടേഷൻ' എന്നിവയിലൂടെ സ്ത്രീകളുടെ ഉന്നമനത്തിനായി വിനിയോഗിച്ചു. ഈ സംഘടനകൾ വഴി ഒറ്റപ്പെട്ട അമ്മമാർക്കും വനിതാ സംരംഭകർക്കും സാമ്പത്തിക സഹായവും തൊഴിൽ പരിശീലനവും നൽകിയ അവർ, സ്വന്തം ഫാക്ടറിയിൽ ജീവനക്കാർക്കായി സൗജന്യ ചൈൽഡ് കെയർ സൗകര്യവും ഒരുക്കി.


ബെറ്റി നെസ്മിത് ഗ്രഹാമിന്റെ അവസാനകാലം കടുത്ത നിയമപോരാട്ടങ്ങളും ശാരീരിക ബുദ്ധിമുട്ടുകളും നിറഞ്ഞതായിരുന്നു. മുൻ ഭർത്താവ് കമ്പനി പിടിച്ചെടുക്കാൻ ശ്രമിച്ചെങ്കിലും ശക്തമായ നിയമപോരാട്ടത്തിലൂടെ അവർ ഫോർമുലയുടെ അവകാശം തിരിച്ചുപിടിക്കുകയും ഒടുവിൽ 1979-ൽ 47.5 ദശലക്ഷം ഡോളറിന് നെസ്മിത്ത് 'ലിക്വിഡ് പേപ്പർ' ജില്ലറ്റിന് (Gillette) വിറ്റു. തുടർന്ന് വിശ്രമജീവിതത്തിലേക്ക് മാറിയ അവർ തന്റെ ഫൗണ്ടേഷനുകളിലൂടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകി. എന്നാൽ കമ്പനി വിറ്റ് ആറ് മാസങ്ങൾക്ക് ശേഷം, 1980 മെയ് 12-ന്, 56-ാമത്തെ വയസ്സിൽ പക്ഷാഘാതം മൂലം അവർ അന്തരിച്ചു.

## ഗാന്ധി ഭാരത്

# ഗാന്ധിജിയും ഇന്നത്തെ ലോകവും

**ശ്രീലത എ.പി**

നമ്മുടെ ദൈനംദിന ജീവിതത്തിൽ ഗാന്ധിജിയുടെ ചിന്തകൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് താഴെ പറയുന്ന കാര്യങ്ങളിലൂടെ മനസ്സിലാക്കാം. മഹാത്മാഗാന്ധിയുടെ ആദർശങ്ങളെ ഉൾകൊള്ളുന്നത് അത്യന്തം പ്രസക്തമാണ്. അഹിംസ, സത്യാഗ്രഹം, സർവ്വധർമ്മസമഭാവന, പരിസ്ഥിതി, സൗഹൃദ ജീവിതം എന്നിവയാണ് ഗാന്ധിജി മുന്നോട്ടു വച്ച പ്രധാന ആശയങ്ങൾ. ഇവ പ്രാവർത്തികമാക്കുന്നത് സമാധാനപരമായ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ സഹായിക്കും.



ഇന്നത്തെ കാലത്തെ പക്വതയില്ലായ്മയും, വിദ്വേഷം നിറഞ്ഞ പ്രവർത്തികളും, വിവേകം നഷ്ടപ്പെട്ട് ഓരോ ആപത്തുകളിലും മനുഷ്യൻ ചെന്നെത്തുന്നതും, വാക്കുകളിലും പ്രവൃത്തികളിലും അഹിംസ പാലിക്കാത്തത് കൊണ്ടാണ്. ഇതിനെല്ലാം പരിഹാരമായി നമുക്ക് ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തം മാനുഷിക മൂല്യങ്ങൾ നില നിർത്താൻ വേണ്ടി ഉപയോഗിക്കേണ്ടി ഇരിക്കുന്നു. കുട്ടികളിലേയ്ക്കാണ് നാം കൂടുതലായി ഇത് പരിശീലിപ്പിക്കേണ്ടത്. സ്കൂളുകളിലും കോളേജുകളിലും കർശനമായി ഇതിന് ഒരു സമയം കണ്ടെത്തേണ്ടിയിരിക്കുന്നു. വളർന്നു വരുന്ന തലമുറകളിലാണ് നമ്മുടെ രാജ്യത്തിന്റെ ഭാവി കുടികൊള്ളുന്നത്. ഒരു നിമിഷത്തെ വൈര്യം ജീവിതകാലം മുഴുവൻ അവരെ കാരാഗ്രഹത്തിലേക്ക് തള്ളി വിടുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. അഹിംസ എന്നാൽ ഉപദ്രവിക്കാതിരിക്കുക എന്നതിലുപരി സ്നേഹത്തിന്റെ പൂർണ്ണമായ അവസ്ഥ എന്നാണ്. മനസ്സു കൊണ്ടോ, വാക്കു കൊണ്ടോ, പ്രവർത്തി കൊണ്ടോ, ആരെയും വേദനിപ്പിക്കാതിരിക്കുക. ഇന്നത്തെ തലമുറയ്ക്ക് ഏറ്റവും ആവശ്യമായ ഊർജ്ജവും ഇത് തന്നെയാണ്.

പരിസ്ഥിതി സംരക്ഷണത്തിൽ ഗാന്ധിയൻ ജീവിത രീതി ഒരു വലിയ മാതൃകയാണ്. കാലാവസ്ഥ വ്യതിയാന പ്രതിസന്ധികൾക്ക് പ്രകൃതിയോട് ഇണങ്ങി ജീവിക്കാനും, അമിതമായ ഉപയോഗം ഒഴിവാക്കാനും ഗാന്ധിജി ആഹ്വാനം ചെയ്തു. 'ഭൂമിയ്ക്ക് എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാനുള്ളതുണ്ട്. എന്നാൽ അത്യാഗ്രഹങ്ങൾ നിറവേറ്റാനുള്ളതല്ല' എന്ന ഗാന്ധിജിയുടെ വാക്കുകൾ ഇന്നത്തെ കാലത്ത് വളരെ അർത്ഥവത്താണ്. പ്രകൃതിയെ ചൂഷണം ചെയ്യാതെ ജീവിക്കണമെന്ന ഗാന്ധിജിയുടെ കാഴ്ചപ്പാട് ആധുനിക പരിസ്ഥിതി പ്രസ്ഥാനങ്ങളുമായി ഒത്തു പോകുന്നു.

മഹാത്മാഗാന്ധി വികസിപ്പിച്ചെടുത്ത അഹിംസയിലധിഷ്ഠിതമായ സമരരീതിയാണ് സത്യാഗ്രഹം. സത്യത്തോടുള്ള അടിയുറച്ച നിലപാട് അഥവാ സത്യത്തോട് ചേർന്നു നിൽക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന ശക്തി എന്നാണ് ഈ വാക്കിന്റെ അർത്ഥം. അക്രമത്തിന് പകരം സ്നേഹവും, സമധാനവും ഉപയോഗിച്ച് എതിരാളിയുടെ മനസ്സു മാറ്റുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

മഹാത്മാഗാന്ധി മുന്നോട്ട് വച്ച മത സൗഹാർദ്ദ സങ്കൽപ്പമാണ് സർവ്വ ധർമ്മ സമഭാവന. എല്ലാ മതങ്ങളോടും തുല്യമായ ബഹുമാനം എന്നാണ് ഇതിന്റെ അർത്ഥം. എല്ലാ മതങ്ങളും ഒരേ ലക്ഷ്യത്തിലേയ്ക്കുള്ള വ്യത്യസ്ത വഴികളാണെന്നും, അവയെല്ലാം തുല്യമായി മാനിക്കപ്പെടണമെന്നും അദ്ദേഹം വിശ്വസിച്ചു. എല്ലാ മതങ്ങളും തുല്യമാണ്. ഏതെങ്കിലും ഒരു മതം മറ്റേതിനേക്കാൾ മികച്ചതാണെന്ന ചിന്താഗതി ഗാന്ധിജിയ്ക്ക് ഉണ്ടായിരുന്നില്ല. വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ നില നിന്നിരുന്ന ഭിന്നതകൾ അകറ്റി ജനങ്ങൾക്കിടയിൽ ഐക്യവും സമാധാനവും വളർത്തിയെടുക്കുന്നതിൽ അദ്ദേഹം വലിയ പ്രാധാന്യം നൽകി. ഗാന്ധിജി തന്റെ ആശ്രമങ്ങളിൽ എല്ലാ മതങ്ങളിലെയും പ്രാർത്ഥനകളും വേദഭാഗങ്ങളും ഉൾപ്പെടുത്തിയിരുന്നു.ഇത് എല്ലാ മതങ്ങളോടുമുള്ള അദ്ദേഹത്തിന്റെ ആദരവ് കാണിക്കുന്നു.

മഹാത്മാഗാന്ധിയുടെ സൗഹൃദപരമായ ജീവിതവും അദ്ദേഹം ഉയർത്തിപ്പിടിച്ച മാനവിക മൂല്യങ്ങളും ലോകത്തിന് മുഴുവൻ മാതൃകയാണ്. ലളിതമായ ജീവിതം, സത്യം, അഹിംസ, എന്നിവയിലൂടെ അദ്ദേഹം ജനങ്ങളുടെ ഹൃദയം കീഴടക്കി. വർണ്ണവിവേചനത്തിനെതിരെ പോരാടിയും, എല്ലാവരെയും സമഭാവനയോടെ കണ്ടും അദ്ദേഹം സൗഹൃദത്തിന്റെ പുതിയ അർത്ഥങ്ങൾ ലോകത്തിന് കാണിച്ചു കൊടുത്തു. ഗാന്ധിജിയുടെ ജീവിതം സാർവത്രികമായ സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമാണ്. ഗാന്ധിജിയുടെ ആശയങ്ങളും ജീവിതരീതികളും ഇന്നത്തെ ലോകത്തിന് വളരെ അത്യന്താപേക്ഷിതമായ കാര്യങ്ങളാണ്. പുതിയ തലമുറയ്ക്ക് ഈ കാര്യങ്ങളെല്ലാം എന്നും ഒരു മുതൽ കൂട്ടാണ്.



## നാട്ടറിവ്

**റാണി ശ്രീജയൻ**

# കുടങ്ങൽ

ബ്രെയിൻ ടോണിക് എന്നും ബുദ്ധി ചീര എന്നും അറിയപ്പെടുന്ന കുടങ്ങൽ അഥവാ മുത്തിൽ.



**ഗുണങ്ങൾ**

ഓർമ്മശക്തിയും ഏകാഗ്രതയും മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് പരമ്പരാഗതമായി കരുതുന്നു. നാഡീവ്യൂഹത്തെ ശാന്തമാക്കാൻ സഹായിക്കുന്ന ഔഷധസസ്യമായി ഉപയോഗിക്കുന്നു. മുറിവുകൾ വേഗത്തിൽ ഉണങ്ങാൻ സഹായിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ചർമ്മത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കുന്നു. ദഹനത്തിന് സഹായകമാണെന്ന് പരമ്പരാഗത ചികിത്സയിൽ പറയുന്നു. ശരീരത്തിലെ വീക്കം കുറയ്ക്കാൻ സഹായിക്കുന്ന ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. ആന്റി ഓക്സിഡന്റ് ഗുണങ്ങൾ ഉള്ളതിനാൽ കോശങ്ങളെ സംരക്ഷിക്കാൻ സഹായിക്കുന്നു.

**ആയുർവേദ ഉപയോഗങ്ങൾ**

ബ്രാഹ്മി ഘൃതം, മണ്ഡൂകപർണിഗ ചൂർണം തുടങ്ങിയ ചില ആയുർവേദ തയ്യാറെടുപ്പുകളിൽ ഉപയോഗിക്കുന്നു. ഓർമ്മക്കുറവ്, മാനസിക ക്ഷീണം, ത്വക്ക് രോഗങ്ങൾ, മുറിവുകൾ എന്നിവക്ക് പരിഹാരമായി ഉപയോഗിക്കുന്നു.

**ഉപയോഗിക്കുന്ന വിധം**

നാല്, അഞ്ച് ഇലകൾ ഉണക്കിപ്പൊടിച്ചത് ഒരു ഗ്ലാസ് പാലിൽ കലക്കി രാവിലെ കുടിക്കുന്നത് ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു.

കുടങ്ങൽ അരച്ചു വെളിച്ചെണ്ണയിൽ കാച്ചി തലയിൽ പുരട്ടുന്നത് ഉറക്കം ലഭിക്കാൻ സഹായകമാണ്....

ഇളം ഇലകൾ ചമ്മന്തിയായോ തോരനായോ കഴിക്കുന്നു.

ഇലയുടെ നീര് ചെറിയ അളവിൽ ഉപയോഗിക്കുന്നു. ഉണക്കിപ്പൊടിച്ച് ചൂരർണ്ണമായി ഉപയോഗിക്കുന്നു.

കഷായമായോ മറ്റ് ആയുർവേദ ഔഷധങ്ങളുടെ ഭാഗമായോ ഉപയോഗിക്കുന്നു.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും ഉപയോഗിക്കുന്നതിന് മുമ്പ് ഡോക്ടറുടെ ഉപദേശം തേടുക. അമിതമായി കഴിച്ചാൽ ചിലർക്ക് വയറിളക്കം, തലവേദന തുടങ്ങിയ അസ്വസ്ഥതകൾ ഉണ്ടാകാം. ദീർഘകാലം ഔഷധമായി ഉപയോഗിക്കണമെങ്കിൽ ആയുർവേദഡോക്ടറുടെ നിർദ്ദേശം സ്വീകരിക്കുന്നതാണ് നല്ലത്.

# പ്രതിഭകൾക്കൊപ്പം: കവയിത്രി ബൃന്ദ അതിഥിയായെത്തി

**തിരുവനന്തപുരം:** ഭാരത് സേവക് സമാജ് സംഘടിപ്പിക്കുന്ന ''പ്രതിഭകൾക്കൊപ്പം'' പരിപാടിയിൽ ഇക്കുറി കവയിത്രി ബൃന്ദ അതിഥിയായെത്തി.

സാഹിത്യകാരിയും കവയിത്രിയുമായ ബൃന്ദ സദസ്യരുമായി സംവദിച്ചു. പരിപാടിയിൽ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ, ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ, അസിസ്റ്റന്റ് ഡയറക്ടർ ലീന മാത്യു തുടങ്ങിയവർ സംബന്ധിച്ചു.



*പ്രതിഭകൾക്കൊപ്പം പരിപാടിയിൽ കവയിത്രി ബൃന്ദ സദസ്യരുമായി സംവദിക്കുന്നു*


BHARAT SEVAK SAMAJ

*National Development Agency - Established in 1952- by Planning Commission - Government of India*

**BSS Cultural Mission Diploma Courses - (2026 - 2027)**

**(MUSIC, DANCE, ARTS & KERALIYAKALAKAL)**

BSS Cultural Mission invites applications for recognized Diploma (Music, Dance & Arts) courses for the academic year 2026-2027 for those who want to take their art studies to a higher level, those who have no formal education in these subjects, who have had to drop out of art studies midway, housewives and those working in other fields; BSS Cultural Mission offers a way to make their art studies very smooth, simple and enjoyable by joining these diploma courses designed on the basis of a specific curriculum. Examinations for various courses will be conducted both in online and offline modes. *The minimum age to join the course is 10- years.*

For the recognition as the center of Diploma Courses; Schools, Colleges, Kalaasamithis, Sangeetha Sabhas, Dance and Arts Schools situated in Kerala, out of Kerala and Abroad, can now apply for affiliation. Prospectus, Syllabus and Study materials containing the details of the courses can be obtained from the institutions of registration or directly from the Programme Co-ordinating Center. Applications should be submitted to the Programme Co-ordinating Center of BSS Cultural Mission in Kerala *[Darshan School of Music- Run by: Educational & Charitable Trust- (DECT), Harishankar Road, Tharekkad, Palakkad. Pin - 678 001.]*

*Website:-https://darshantrust.com, E-mail : informalmusicstudy@gmail.com*
**Mobile No:- 9447983505, 9447724294, 9846227028, 9447283244.**

*Name of the courses:-*

**#-1-** *MUSIC:-* (*Title: Gaanapoorna*) Lower, Higher level- 1 & 2 [I, II Year], Advanced level- [One Year] [Carnatic Music- Vocal, Violin, Veena, Flute, Harmonium & Mridangam]
**#-2-** *DANCE:-* (*Naatyapoorna*) Lower, Higher level- 1 & 2 [I, II Year], Advanced level- [One Year] [Bharathanatyam, Mohiniyattam & Kuchippudi]
**#-3-** *ARTS:-* (*Chithrapoorna*) Lower, Higher level- 1 & 2 [I, II Year], Advanced level- [One Year] [Drawing & Painting]
**#-4-** *KERALIYAKALAKAL:-*(*Vaadyapoorna*)Lower/Higher One Year Diploma Course [Vaadyam - Chenda]
**#-5-** *GAANAPOORNA (Senior- Specialisation):-* One Year Diploma Course (Age :- 20 and above)
**#-6-** *NAATYAPOORNA (Senior- General & Specialisation):-* Bharathanatyam, Mohiniyattam & Kuchippudi One Year Diploma Course (Age :- 20 and above)
**#-7-** *SIKSHAPOORNA :-* One Year Diploma Course (Age :- 20 and above)

*[Students may avail direct admission to courses in Music, Dance, and Art from the Higher 1st level to the Advanced 1st level, as well as Sikshapoorna, through an entrance test.]


## സംസ്കാര ഭാരതം ഗാനസദസ്സ്

# 'പാടാം നമുക്ക് പാടാം' അഡ്വ. ജയശ്രീ ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** സംസ്കാര ഭാരതം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയായ 'പാടാം നമുക്ക് പാടാം' അഡ്വ. ജയശ്രീ ഉദ്ഘാടനം ചെയ്തു.

സംസ്കാരഭാരതം ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതവും കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിതാ മനോജ് കൃതജ്ഞതയും പറഞ്ഞു.



*'പാടാം നമുക്ക് പാടാം' അഡ്വ. ജയശ്രീ ഉദ്ഘാടനം ചെയ്യുന്നു*



രാജി അജിത്ത്

# അറിവിന്റെ മധുകണങ്ങൾ

- താഴെ കൊടുത്തിരിക്കുന്നത് 2026-ലെ ഏറ്റവും പുതിയ AI Tools അടിസ്ഥാനമാക്കിയുള്ള മലയാളം ക്വിസ്
- AI Tools Quiz (മലയാളം)
- ChatGPT വികസിപ്പിച്ച കമ്പനി ഏത്?
- OpenAI
- Googleന്റെ AI Assistant ഏതാണ്?
- Gemini
- Microsoft Officeൽ AI സഹായിയായി പ്രവർത്തിക്കുന്നത് ഏത്?
- Copilot
- AI ഉപയോഗിച്ച് ചിത്രങ്ങൾ സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന ടൂൾ ഏത്?
- DALL E
- Claude എന്ന AI വികസിപ്പിച്ച കമ്പനി ഏതാണ്?
- Anthropic
- Perplexity AI പ്രധാനമായും ഉപയോഗിക്കുന്നത് എന്തിനാണ്?
- AI Search & Research
- AI ഉപയോഗിച്ച് പ്രെസന്റേഷൻ തയ്യാറാക്കാൻ സഹായിക്കുന്ന ടൂൾ ഏത്?
- Gamma
- Canva Magic Design പ്രധാനമായും ഉപയോഗിക്കുന്നത് എന്തിനാണ്?
- ഗ്രാഫിക് ഡിസൈൻ
- AI ഉപയോഗിച്ച് കോഡ് എഴുതാൻ സഹായിക്കുന്ന GitHub ടൂൾ ഏത്?
- GitHub Copilot
- AI ഉപയോഗിച്ച് വീഡിയോ സൃഷ്ടിക്കുന്ന പ്രശസ്ത ടൂൾ ഏത്?
- Runway
- ChatGPTയിൽ ശരിയായ ഫലം ലഭിക്കാൻ നൽകുന്ന നിർദ്ദേശം എന്താണ് അറിയപ്പെടുന്നത്?
- Prompt
- AI ഉപയോഗിച്ച് മീറ്റിംഗ് നോട്ടുകൾ തയ്യാറാക്കാൻ സഹായിക്കുന്ന ടൂൾ ഏത്?
- Otter.ai
- AI ഉപയോഗിച്ച് സംഗീതം സൃഷ്ടിക്കുന്ന ഒരു ടൂൾ ഏത്?
- Suno AI
- AI ഉപയോഗിച്ച് വീഡിയോ അവതാരകരെ (Avatar) സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന ടൂൾ ഏത്?
- Synthesia
- DeepSeek ഏത് വിഭാഗത്തിൽപ്പെടുന്ന AI ടൂളാണ്?
- AI Chatbot / Large Language Model

## മഹാഭാരതത്തിലെ ഒരു ദുരന്ത മുഹൂർത്തം

സംഭാഷണത്തിൽ നാം പലപ്പോഴും ഉപയോഗിക്കുന്ന വാക്കാണ് 'ചക്രവ്യൂഹം'.

എന്താണ് 'ചക്രവ്യൂഹം'? വേദവ്യാസമുനി രചിച്ച 'മഹാഭാരത' ഇതിഹാസത്തിലേതാണ് ഈ വാക്ക്. കുരുക്ഷേത്രയുദ്ധ സമയത്ത് ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനന് യുദ്ധതന്ത്രങ്ങൾ ഉപദേശിക്കവേ സുഭദ്രയും സമീപത്തുണ്ടായിരുന്നു. അപ്പോൾ സുഭദ്ര ഗർഭിണിയായിരുന്നു. അഭിമന്യുവിനെ ഗർഭത്തിൽ വഹിക്കുന്ന സുഭദ്ര ശ്രീകൃഷ്ണൻ ചക്രവ്യൂഹത്തിൽ കടക്കുന്ന രീതി വിശദീകരിച്ചു കഴിഞ്ഞപ്പോഴേക്കും ഉറങ്ങിപ്പോയി. ഈ സമയം അർജ്ജുനനും തെല്ലൊന്നു മയങ്ങി. ഇത് കണ്ട് ശ്രീകൃഷ്ണൻ തന്റെ സംസാരം നിറുത്തി.

കുരുക്ഷേത്ര യുദ്ധത്തിൽ കൗരവപ്പടയുടെ ചക്രവ്യൂഹം തകർക്കുവാനും അവരെ ഒറ്റയ്ക്ക് നേരിടുവാനും അഭിമന്യുവിന് കഴിഞ്ഞു. എന്നാൽ ചക്രവ്യൂഹത്തിൽ നിന്ന് പുറത്തുകടക്കാനായില്ല. ചക്രവ്യൂഹത്തിനുള്ളിൽ നിരായുധനായി നിന്ന അഭിമന്യുവിനെ ദുശ്ശാസന പുത്രൻ വധിച്ചു. മഹാഭാരതത്തിലെ ഒരു ദുരന്തമുഹൂർത്തമാണിത്.

ലോകത്തിലെ ഏറ്റവും വലിയ ഇതിഹാസമാണ് മഹാഭാരതം. ഭഗവദ്ഗീത മഹാഭാരതത്തിന്റെ ഒരു ഭാഗമാണ്.

## ആൽബം



ബി.എസ്.ബാലചന്ദ്രനും സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനും

## ഭാരതത്തിന്റെ ഉൾക്കരുത്ത്

(1 –ാം പേജിൽ നിന്നും തുടർച്ച)

# ഹിന്ദി ഭാഷ: ഉത്ഭവം, ചരിത്രം, പ്രാധാന്യം

മിഡിൽ ഈസ്റ്റ്, സെൻട്രൽ ഏഷ്യ, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിൽ ഹിന്ദി സ്വാധീനമുറപ്പിച്ചതിനുള്ള കാരണവും ഇതാണെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നു.

ഇന്റർനെറ്റ് രംഗത്ത് ദ്രുതഗതിയിൽ വളരുന്ന ഭാഷകളിൽ പ്രധാനം ഹിന്ദിയാണ്. ഫേസ്ബുക്ക്, ഗൂഗിൾ, യുട്യൂബ് തുടങ്ങിയ ആഗോള വേദികളിൽ ഹിന്ദിക്ക് ലഭിക്കുന്ന പ്രാധാന്യവും വളരെ വലുതാണ്. വോയിസ് സെർച്ച് സൗകര്യങ്ങൾ ഉപയോഗിക്കുന്നവരിൽ ഏറെയും ഹിന്ദി ഉപയോഗിക്കുന്നതായും കാണുന്നു. തൊഴിൽ സാധ്യതകളെക്കുറിച്ചു ചിന്തിക്കുമ്പോഴും ഹിന്ദി ഭാഷയെ മുൻനിര ഭാഷകളിലൊന്നായിത്തന്നെ കാണണം. ബാങ്കിംഗ്, റെയിൽവേ, അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ്, പോസ്റ്റ് ആൻഡ് ടെലഗ്രാഫ്, എയർവേയ്സ് തുടങ്ങി ഒട്ടനേകം മേഖലകളിലെ തൊഴിൽ സാധ്യതകൾക്ക് ഹിന്ദി പരിജ്ഞാനം കൂടുതൽ വേഗത നൽകുന്നു.

സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യൻ നേതാക്കൾ ദേശീയ സ്വത്വത്തിന്റെ പ്രതീകമായി സ്വീകരിച്ച ഭാഷ ഹിന്ദിയാണ്. വൈകാതെ അതൊരു സാഹിത്യഭാഷയായും മാറി. ദൽഹിയുടെ പ്രാന്തപ്രദേശങ്ങളിൽ സംസാരിക്കുന്ന ഖരിബോലിയിൽ നിന്നാണ് ഹിന്ദി- ഉറുദുഭാഷകൾ രൂപപ്പെട്ടതെങ്കിലും തുടർന്ന് വടക്കേ ഇന്ത്യയിൽ ഇസ്ലാമിക അധിനിവേശങ്ങളുടെയും മുസ്ലീം ഭരണസ്ഥാപനത്തിന്റേയും കാലഘട്ടത്തിൽ തദ്ദേശീയ ജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനുള്ള ഒരു പൊതുഭാഷയായി അഫ്ഗാനികളും പേർഷ്യക്കാരും തുർക്കികളുമെല്ലാം ഖരിബോലിയെ ഉപയോഗിച്ചു. ഹിന്ദിയും ഉറുദ്ദുവും ചേർന്നുള്ള പൊതു രൂപമായ ഹിന്ദുസ്ഥാനി സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഇന്ത്യയിലെ പ്രധാന പ്രദേശങ്ങളുടെ പൊതുഭാഷയായി മാറി.

ഇന്ത്യ ഒരു ബഹുഭാഷാ രാജ്യമാണ്. ഇവിടെ വിവിധ സംസ്ഥാനങ്ങളിൽ വിവിധ ഭാഷകളാണ് പ്രചാരത്തിലിരിക്കുന്നത്. അതുകൊണ്ടുതന്നെ വിവിധ സംസ്ഥാനങ്ങളിലുള്ള ജനങ്ങൾക്ക് പരസ്പരം ബന്ധപ്പെടാൻ പൊതുവായ ഒരു 'കണ്ണി' അത്യന്താപേഷിതമായി. ഇതിനായി ഇംഗ്ലീഷിനൊപ്പം വർത്തിക്കുന്ന ഭാഷ ഹിന്ദിയാണ്.

ഹിന്ദി എഴുതുവാനായി ദേവനാഗരി ലിപിയാണ് ഉപയോഗിക്കുന്നത്. ഓരോ വാക്കുകൾക്കും മുകളിൽ വരയ്ക്കുന്ന ശിരോരേഖയ്ക്കു താഴെ ഇടതുനിന്നും വലത്തേക്ക് എഴുതുന്നു.

ഷാജഹാന്റെ ഭരണകാലത്ത് കോടതിയുടെ ഔദ്യോഗിക ഭാഷയായതിനുശേഷമാണ് ഹിന്ദിക്ക് ഇന്ത്യയിൽ ഏറെ പ്രചാരം ലഭിക്കുന്നത്. ചക്രവർത്തി ഔറംഗസേബ് പല സന്ദർഭങ്ങളിലും ഹിന്ദിയിൽ സംസാരിച്ചിരുന്നതായി ചരിത്രരേഖകൾ ചൂണ്ടിക്കാട്ടുന്നു.

ഹിന്ദിസാഹിത്യവും ഏറെ ശ്രദ്ധിക്കപ്പെടുന്നു. ഹിന്ദി സാഹിത്യത്തെ നാല് പ്രധാന രൂപങ്ങളായി തിരിച്ചിട്ടുണ്ട്. ഭക്തി, ശൃംഗാർ, വിഗാഥ (ഇതിഹാസം), ആധുനിക് എന്നിവയാണ് അവ.

മധ്യകാല ഹിന്ദി സാഹിത്യത്തെ അടയാളപ്പെടുന്നവയാണ് ഭക്തി പ്രസ്ഥാനത്തിന്റെ സ്വാധീനവും ദൈർഘ്യമേറിയ ഇതിഹാസ കാവ്യങ്ങളുടെ രചനയും. 1888 ൽ ദേവകി നന്ദൻ ഖത്രി എഴുതിയ ചന്ദ്രകാന്ത ആധുനിക ഹിന്ദിയിലെ ആദ്യത്തെ ആധികാരിക ഗദ്യകൃതിയായി കണക്കാക്കപ്പെടുന്നു. എന്നാൽ ഹിന്ദി ഗദ്യസാഹിത്യത്തിൽ യാഥാർത്ഥ്യവാദം കൊണ്ടുവന്നത് മുൻഷി പ്രേംചന്ദ് ആണ്. ഇരുപതാം നൂറ്റാണ്ടിൽ ഹിന്ദി സാഹിത്യത്തിൽ ഒരു പ്രണയക്കുതിപ്പുതന്നെ ഉണ്ടായി എന്നു പറയാം. ഇത് ഛായാവാദ് (നിഴൽ-വാദം) എന്ന് അറിയപ്പെടുന്നു. ഈ വിഭാഗത്തിൽപ്പെട്ട സാഹിത്യകാരന്മാരെ 'ഛായാവാദി' എന്നാണ് അറിയപ്പെട്ടത്. ജയശങ്കർ പ്രസാദ്, സൂര്യകാന്ത് ത്രിപാഠി നിരാല, മഹാദേവി വർമ്മ, സുമിത്രാനന്ദൻ പന്ത് എന്നിവരാണ് പ്രധാനപ്പെട്ട നാല് ഛായാവാദി കവികൾ. പാശ്ചാത്യരെ പകർത്തിയ ആദ്യകാല പ്രവണതകളെ ചോദ്യം ചെയ്യുന്നതാണ് ഹിന്ദി സാഹിത്യത്തിലെ ഉത്തരാധുനിക കാലഘട്ടം, ഛായാവാദി പ്രസ്ഥാനത്തിന്റെ അമിതമായ അലങ്കാരത്തിന് തടയിട്ടുകൊണ്ട് ലളിതമായ ഭാഷയിലേക്കും സ്വാഭാവിക പ്രമേയങ്ങളിലേയ്ക്കുമുള്ള തിരിച്ചുവരവും ഇതിന്റെ സവിശേഷതയാണ്.

ഹിന്ദിയെ ഒരു അന്താരാഷ്ട്ര ഭാഷയായി വളർത്തുന്നതിനും ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക ഭാഷയായി അംഗീകരിക്കുന്നതിനും ലക്ഷ്യംവച്ച് രൂപീകരിക്കപ്പെട്ട സംഘടനയാണ് "വേൾഡ് ഹിന്ദി സെക്രട്ടേറിയറ്റ്". ഹിന്ദിയെ ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക ഭാഷയാക്കുന്നതിനായി ഐക്യരാഷ്ട്രസഭയിൽ 129 വോട്ടുകൾ നേടാനുള്ള ശ്രമത്തിലാണ് ഇന്ത്യ. മൗറീഷ്യസിലെ പ്ലെയിൻസ് വിൽഹെംസ് ജില്ലയിലെ വാക്കോസ്-ഫീനിക്സ് നഗരത്തിലാണ് വേൾഡ് ഹിന്ദി സെക്രട്ടേറിയറ്റ് (വിശ്വഹിന്ദി സചിവാലയ- ലോക ഹിന്ദി സെക്രട്ടേറിയറ്റ്)

ലോകമെമ്പാടും ഹിന്ദി പ്രചരിപ്പിക്കുക എന്ന ലക്ഷ്യമിട്ട് 1999-ലാണ് ഇന്ത്യ-മൗറീഷ്യസ് സർക്കാരുകൾ ചേർന്ന് വേൾഡ് ഹിന്ദി സെക്രട്ടേറിയറ്റ് സ്ഥാപിച്ചത്. പി സേദ് ബാല അരുൺ ആണ് ഇതിന്റെ ആദ്യ സെക്രട്ടറി ജനറൽ.

നാഗ്പ്പൂരിൽ നടന്ന ലോക ഹിന്ദി സമ്മേളനത്തിൽ അന്നത്തെ മൗറീഷ്യസ് പ്രധാനമന്ത്രിയും പ്രതിനിധി സംഘത്തിന്റെ പ്രസിഡന്റുമായ സർ ശിവസാഗർ രാംഗുലം ആണ് ഈ ആശയം അവതരിപ്പിച്ചത്. തുടർന്ന് നിരന്തരമായി നടന്ന നീണ്ട ചർച്ചകൾക്കുശേഷം 1999 ആഗസ്റ്റ് 20ന് മൗറീഷ്യസ് സർക്കാരും ഇന്ത്യാ ഗവൺമെന്റും ഇത് സംബന്ധിച്ച കരാറിൽ ഒപ്പുവച്ചു. ഇന്ത്യയിൽ സെപ്റ്റംബർ 14 ദേശീയ ഹിന്ദിദിനമായി ആചരിക്കുന്നു.

## ബി.എസ്.എസ് സംസ്കാര ഭാരതം കാവ്യസദസ്സ്

# ഡോ. വന്ദന ഉദ്ഘാടനം ചെയ്തു




സംസ്കാരഭാരതം കാവ്യസദസ്സ് ഡോ. വന്ദന ബി ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം:** സംസ്കാരഭാരതം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സംസ്കാരഭാരതം കാവ്യസദസ്സ് എൻ.എസ്.എസ വനിതാ കോളേജ്, നീറമൺകര മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. വന്ദന. ബി ഉദ്ഘാടനം ചെയ്തു.

കാവ്യസദസ്സിൽ അവതരിപ്പിക്കപ്പെട്ട കവിതകൾ കോർത്തിണക്കി തയ്യാറാക്കിയ 'കാവ്യമാല ഇതൾ' പുസ്തകത്തിന്റെ പ്രകാശനകർമ്മവും ഡോ. വന്ദന നിർവ്വഹിച്ചു. ബി.എസ്.എസ് ആസ്ഥാനമായ കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. സംസ്കാരഭാരതം ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിക്കുകയും കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിതാ മനോജ് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.



കാവ്യമാല ഇതൾ പുസ്തകപ്രകാശനം ഡോ.വന്ദന നിർവ്വഹിക്കുന്നു



സംസ്കാരഭാരതം കാവ്യസദസ്സിൽ ഏറ്റവും നല്ല കവിത അവതരിപ്പിച്ച കോട്ടുകാൽ സത്യന് ഡോ.വന്ദന പുരസ്കാരം സമ്മാനിക്കുന്നു

# സദ്ഭാവനാ ട്രസ്റ്റ്: രണ്ട് പുസ്തകങ്ങൾകൂടി പ്രകാശനം ചെയ്തു



എസ്. ശ്രീകുമാർ രചിച്ച 'തെന്നൂരിലെ തേൻകനികൾ' എന്ന കൃതി തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രകാശനം ചെയ്യുന്നു



ശ്രീകുമാർ.ജി രചിച്ച 'അറിവും കാണാപ്പൊരുളും' എന്ന കൃതി ഡാ. എം.ജി. ശശിഭൂഷൺ പ്രകാശനം ചെയ്യുന്നു

**തിരുവനന്തപുരം:** സദ്ഭാവനാ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന രണ്ട് പുസ്തകങ്ങൾ സംസ്ഥാന നിയമസഭ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനും ചരിത്രകാരൻ ഡോ. എം. ജി. ശശിഭൂഷണും പ്രകാശനം ചെയ്തു.

എസ്. ശ്രീകുമാർ രചിച്ച 'തെന്നൂരിലെ തേൻകനികൾ', ശ്രീകുമാർ. ജി രചിച്ച 'അറിവും കാണാപ്പൊരുളും' എന്നീ കൃതികളാണ് യഥാക്രമം തിരുവഞ്ചൂർ രാധാകൃഷ്ണനും ഡോ. എം.ജി. ശശിഭൂഷണും പ്രകാശനം ചെയ്തത്.

ഇരു ചടങ്ങുകളിലും സദ്ഭാവനാ ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ഡോ. എം.ആർ. തമ്പാൻ മുഖ്യ പ്രഭാഷണം നടത്തി. സദ്ഭാവനാ ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. ഡോ.രാജാവാര്യർ, വേണുസരസ്വതി എന്നിവർ പുസ്തകങ്ങൾ സദസ്യർക്ക് പരിചയപ്പെടുത്തി.




സദ്ഭാവനാ ട്രസ്റ്റും കണ്ണമ്മൂല അക്ഷരശ്ലോക സദസ്സും സംയുക്തമായി സംഘടിപ്പിച്ച അക്ഷരശ്ലോക സദസ്സ്

# ബി.എസ്.എസ്. സത്സംഗം പരിപാടിയിൽ ഗീതാസരസ്വതിയുടെ പ്രഭാഷണം




ബി.എസ്.എസ്. സംഘടിപ്പിച്ച സത്സംഗം പരിപാടിയിൽ ഗീതാസരസ്വതി പ്രഭാഷണം നടത്തുന്നു

**തിരുവനന്തപുരം:** ഭാരത് സേവക് സമാജ് സംഘടിപ്പിക്കുന്ന പ്രതിമാസ സത്സംഗം പരിപാടിയിൽ ഇക്കുറി വിദ്യാഭ്യാസ രംഗത്തും കരിയർ കൗൺസിലിംഗ് രംഗത്തുമുൾപ്പെടെ വിവിധ രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഗീത സരസ്വതിയുടെ പ്രഭാഷണം നടന്നു.

താൻ പ്രവർത്തിക്കുന്ന രംഗങ്ങളെക്കുറിച്ചും പൊതു സാമൂഹ്യ-ശാരീരികാരോഗ്യ- മാനസികാരോഗ്യ വിഷയങ്ങളെക്കുറിച്ചും ഗീതാസരസ്വതി വിശദമായി സംസാരിക്കുകയുണ്ടായി.

പ്രഭാഷണം ശ്രവിക്കാനായി നല്ലൊരു സദസ്സും സന്നിഹിതമായിരുന്നു.

ആശാറാണി എ.എസ്, രഞ്ജിനി പ്രശാന്ത് എന്നിവരാണ് പരിപാടിയുടെ ഏകോപനം നിർവ്വഹിച്ചത്.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar